# കേരള നിയമസഭ
# 25.10.2011-ലെ മറുപടിക്ക്

പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം
2011 ഒക്ടോബർ 25 ചൊവ്വ
നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ -317)

| മറുപടി നൽകുന്ന മന്ത്രിമാർ | ചോദ്യനമ്പർ |
|---|---|
| വിദ്യാഭ്യാസ വകുപ്പുമന്ത്രി | : 5287 മുതൽ 5417 വരെ |
| റവന്യൂവകുപ്പുമന്ത്രി | : 5418 മുതൽ 5507 വരെ |
| മരാമത്ത് വകുപ്പുമന്ത്രി | : 5508 മുതൽ 5564 വരെ |
| പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി | : 5565 മുതൽ 5603 വരെ |

## ഉന്നത വിദ്യാഭ്യാസ കൗൺസിൽ

5287 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഉന്നത വിദ്യാഭ്യാസ കൗൺസിൽ ഈ സർക്കാരിന്റെ കാലത്ത് പുന:സംഘടിപ്പിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഉടൻ പുന:സംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

<u>ഉന്നത വിദ്യാഭ്യാസ രംഗത്ത് പുതിയ സ്ഥാപനങ്ങളും കോഴ്സുകളും</u>

5288 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഉന്നത വിദ്യാഭ്യാസ രംഗത്ത് പുതിയ സ്ഥാപനങ്ങളും കോഴ്സുകളും ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) മലപ്പുറം ജില്ലയിൽ ഇത്തരം സ്ഥാപനങ്ങൾ പരിഗണനയിലുണ്ടോ ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

<u>വിദ്യാഭ്യാസ രംഗത്ത് സ്വകാര്യമേഖല</u>

5289 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഉന്നത വിദ്യാഭ്യാസ രംഗത്ത് സ്വകാര്യ മേഖലയെ പ്രോത്സാഹിപ്പിക്കണമെന്നും വിദ്യാഭ്യാസ പ്രവർത്തനം സാമ്പത്തിക ലാഭം ഉദ്ദേശിച്ചുള്ളതല്ലെന്ന സമീപനം പ്രായോഗിക രീതിയിൽ പുന:പരിശോധിക്കണമെന്നുമുള്ള കേന്ദ്ര ആസൂത്രണ കമ്മീഷന്റെ നിർദ്ദേശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അതിന്റെ അടിസ്ഥാനത്തിൽ സ്വകാര്യ വിദ്യാഭ്യാസ മേഖലയിൽ എന്തെല്ലാം പരിഷ്കാരങ്ങളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) സ്വകാര്യ വിദ്യാഭ്യാസ മേഖലയിൽ യോഗ്യതയും സാമൂഹിക നീതിയും ഉറപ്പുവരുത്താൻ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

<u>സ്വാശ്രയ പ്രൊഫഷണൽ സ്ഥാപനങ്ങളിൽ ന്യൂനപക്ഷ സംവരണം</u>

5290

ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷ വിഭാഗങ്ങളിൽപ്പെട്ട പാവപ്പെട്ട കുട്ടികൾക്ക് സ്വാശ്രയ പ്രൊഫഷണൽ സ്ഥാപനങ്ങളിൽ സംവരണം നിലവിലുണ്ടോ;

(ബി) പ്രസ്തുത വിഭാഗത്തിൽപ്പെടുന്ന കുട്ടികൾക്ക് സ്വാശ്രയ പ്രൊഫഷണൽ സ്ഥാപനങ്ങളിൽ എന്തെങ്കിലും ഫീസിളവ് നൽകാൻ മാനേജ്മെന്റുകളോട് ആവശ്യപ്പെട്ടിട്ടുണ്ടോ ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

<u>സ്വാശ്രയ പ്രൊഫഷണൽ കോളേജിൽ നിന്നു സർക്കാർ കോളേജിലേക്ക് മാറ്റം</u>

5291 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, റ്റി.എൻ. പ്രതാപൻ
,, കെ. അച്ചുതൻ
,, വർക്കല കഹാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസവകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്വാശ്രയ പ്രൊഫഷണൽ കോളേജിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ഏതെല്ലാം സാഹചര്യങ്ങളിലാണ് സർക്കാർ കോളേജിലേക്ക് മാറ്റം നൽകുന്നത്;

(ബി) ഇത്തരം മാറ്റങ്ങൾ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നടന്നിട്ടുണ്ടോ; വിശദമാക്കുമോ;

(സി) എങ്കിൽ ഈ മാറ്റങ്ങൾ നൽകിയതിനുള്ള സാഹചര്യങ്ങൾ എന്തൊക്കെയായിരുന്നു?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

<u>സെറ്റ് പരീക്ഷയ്ക്ക് നെഗറ്റീവ് മാർക്ക് സമ്പ്രദായം</u>

5292 ശ്രീ. റോഷി അഗസ്റ്റിൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സെറ്റ് പരീക്ഷയ്ക്ക് നെഗറ്റീവ് മാർക്ക് സമ്പ്രദായം ഏതു വർഷം മുതലാണ് ഏർപ്പെടുത്തിയത് ;

(ബി) ഈ സമ്പ്രദായം നടപ്പിൽ വരുത്തിയ ശേഷം സെറ്റ് പരീക്ഷാ വിജയികളുടെ എണ്ണത്തിൽ ഉണ്ടായ കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) നെഗറ്റീവ് മാർക്ക് സമ്പ്രദായം ഒഴിവാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

<u>സംഗീത കോളേജുകളിൽ യു.ജി.സി സ്കെയിൽ</u>

5293 ശ്രീ. മാത്യു. റ്റി. തോമസ്
ശ്രീമതി. ജമീലാ പ്രകാശം
ശ്രീ. ജോസ് തെറ്റയിൽ
,, സി.കെ. നാണു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ആകെ എത്ര സർക്കാർ മ്യൂസിക് കോളേജുകൾ പ്രവർത്തിക്കുന്നുണ്ട്; അവ ഏതെല്ലാം ;

(ബി) അവിടെ യു.ജി.സി. സ്കെയിൽ നടപ്പിലായിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ അതിന്റെ കാരണം വിശദമാക്കാമോ;

(ഡി) സംഗീത കോളേജുകളിൽ യു.ജി.സി സ്കെയിൽ നടപ്പിലാക്കാൻ നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

<u>അന്ധ - ബധിര വിദ്യാർത്ഥികൾക്ക് കോളേജ്</u>

5294 ശ്രീ. ബാബു. എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അന്ധ-ബധിര വിദ്യാർത്ഥികൾക്കായി എയ്ഡഡ് - സർക്കാർ മേഖലയിൽ കോളേജ് പ്രവർത്തിക്കുന്നുണ്ടോ;

(ബി) ഇല്ലെങ്കിൽ അന്ധ-ബധിര വിദ്യാർത്ഥികൾക്കായി സർക്കാർ മേഖലയിലോ, എയ്ഡഡ് മേഖലയിലോ കോളേജ് ആരംഭിക്കുന്നതിനു നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

<u>അദ്ധ്യാപക തസ്തികകൾ നികത്തുന്നതിന് നടപടി</u>

5295 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ കോളേജുകളിൽ ഓരോ വിഭാഗത്തിലും എത്ര അദ്ധ്യാപക തസ്തിക ഒഴിഞ്ഞുകിടക്കുന്നുണ്ട് ;

(ബി) ഈ ഒഴിവുകൾ നികത്തുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

<u>തിരുവനന്തപുരം ഗവണ്‍മെന്റ് ലോ കോളേജില്‍ ഈവനിംഗ് കോഴ്സ്</u>

5296 ശ്രീ. കെ. മുരളീധരന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) തിരുവനന്തപുരം ഗവണ്‍മെന്റ് ലോ കോളേജില്‍ ത്രിവത്സര എല്‍.എല്‍.ബി. ഈവനിംഗ് കോഴ്സ് നിര്‍ത്തലാക്കിയത് ഏത് സാഹചര്യത്തിലാണ്;

(ബി) പ്രസ്തുത കോഴ്സ് പുനരാരംഭിക്കുന്നതിന് ഇപ്പോള്‍ തടസ്സങ്ങളെന്തെങ്കിലുമുണ്ടോ;

(സി) കോഴ്സ് പുനരാരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

<u>തൃശ്ശൂർ ഗവ: ലോ കോളേജിനോട് ചേർന്ന് ഹോസ്റ്റൽ</u>

5297 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ഗവൺമെന്റ് ലോകോളേജിനോട് ചേർന്ന് ഹോസ്റ്റൽ സൗകര്യങ്ങളില്ലാത്തതിനാൽ വിദ്യാർത്ഥികൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഭവനനിർമ്മാണ ബോർഡിന്റെ വക അയ്യന്തോളിലുള്ള '15' സെന്റ് സ്ഥലം വിദ്യാഭ്യാസ വകുപ്പ് ഏറ്റെടുത്ത് ഹോസ്റ്റൽ നിർമ്മിക്കാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

ചേലക്കര മണ്ഡലത്തിൽ ആർട്സ് ആന്റ് സയൻസ് കോളേജ്

5298

ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചേലക്കര മണ്ഡലത്തിൽ ആർട്സ് ആന്റ് സയൻസ് കോളേജ് ഇല്ലാത്തത് കാരണം വിദ്യാർത്ഥികൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ചേലക്കര കേന്ദ്രമായി ഒരു ആർട്സ് ആന്റ് സയൻസ് കോളേജ് ആരംഭിക്കുന്നതിന് അപേക്ഷ നൽകിയിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ പ്രസ്തുത കോളേജ് ആരംഭിക്കുവാൻ നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 25.10.2011-ലെ മറുപടിക്ക്

ചേലക്കരയിൽ ബി. ബി. എ., എം. ബി.എ കോഴ്സുകൾ

5299 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചേലക്കര നിയോജകമണ്ഡലത്തിൽ ചെറുതുരുത്തി ഗവ: എൽ. പി. സ്കൂളിൽ ഒഴിഞ്ഞുകിടക്കുന്ന കെട്ടിടത്തിൽ കോഴിക്കോട് സർവ്വകലാശാലയുടെ കീഴിലുള്ള ബി. ബി. എ., എം. ബി. എ. കോഴ്സുകൾ അനുവദിക്കുന്നതിനുള്ള അപേക്ഷ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അതുസംബന്ധിച്ച് സ്വീകരിച്ച നടപടിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) ചെറുതുരുത്തി ഗ്രാമപഞ്ചായത്ത് പ്രസ്തുത കോഴ്സുകൾ നടത്തുന്നതിനാവശ്യമായ അടിസ്ഥാനസൗകര്യങ്ങൾ ഉറപ്പ് നൽകുന്ന സാഹചര്യത്തിൽ, അവ അനുവദിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ

## 25.10.2011-ലെ മറുപടിക്ക്

എസ്. എ. ആർ. ബി. റ്റി. എം. ഗവൺമെന്റ് കോളേജിലെ കോഴ്സുകൾ

5300 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി എസ്. എ. ആർ. ബി. റ്റി.എം ഗവൺമെന്റ് കോളേജിൽ നിലവിൽ ഏതെല്ലാം കോഴ്സുകൾ ഉണ്ട് ;

(ബി) ഇവിടെ പുതിയ കോഴ്സുകൾ /ബാച്ചുകൾ ആരംഭിക്കാൻ നടപടികൾ സ്വീകരിയ്ക്കുമോ ?

# കേരള നിയമസഭ
# 25.10.2011-ലെ മറുപടിക്ക്

<u>പ്രിൻസിപ്പൽമാർക്ക് ക്ലാസ് ചാർജ്</u>

5301 ഡോ. എൻ. ജയരാജ്
ശ്രീ. പി. സി. ജോർജ്
,, റോഷി അഗസ്റ്റിൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കന്ററി വിഭാഗം പ്രിൻസിപ്പൽമാർക്ക് ഭരണച്ചുമതലയ്ക്ക് പുറമെ ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്ന ജോലി കൂടി ഉള്ളതിനാൽ ഉണ്ടാകുന്ന ജോലിഭാരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രിൻസിപ്പൽമാർക്കുള്ള ക്ലാസിന്റെ ചാർജ് ഒഴിവാക്കി ഭരണച്ചുമതലകൾ മാത്രമായി നിജപ്പെടുത്തുന്നതിന് ഉത്തവ് നൽകുമോ;

(സി) ഇല്ലെങ്കിൽ ഭരണപരമായ ആവശ്യങ്ങൾക്ക് ഓഫീസ് സ്റ്റാഫിനെ നിയമിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
# 25.10.2011-ലെ മറുപടിക്ക്

<u>മൈക്രോബയോളജി തസ്തിക</u>

5302 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യത്തിന്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

പാലക്കാട് കൊഴിഞ്ഞാംപാറ ഗവൺമെന്റ് കോളേജിൽ മൈക്രോബയോളജിയിൽ രണ്ട് തസ്തികകൾ സൃഷ്ടിക്കുന്നതിനായി അങ്കമാലി കാലടി, നിലീശ്വരം കരയിൽ ഐക്കുളത്ത്വീട്ടിൽ ഐ.കെ. നാരായണൻ സമർപ്പിച്ചിട്ടുള്ള അപേക്ഷയിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

<u>12-ാം പഞ്ചവത്സര പദ്ധതിയിൽപ്പെടുത്തി</u>
<u>വിദ്യാഭ്യാസമേഖലയുടെ വികസനം</u>

5303 ശ്രീ.സണ്ണി ജോസഫ്
,, ഷാഫി പറമ്പിൽ
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 12-ാം പഞ്ചവത്സര പദ്ധതിയുടെ സമീപനരേഖയിൽ വിദ്യാഭ്യാസ മേഖലയിൽ എന്തെല്ലാം പദ്ധതികൾക്കാണ് രൂപം നൽകിയിരിക്കുന്നത് ;

(ബി) ഉന്നത സാങ്കേതിക വിദ്യാഭ്യാസ മേഖലകളിൽ എന്തെല്ലാം നേട്ടങ്ങളാണ് കൈവരിക്കാൻ ലക്ഷ്യമിട്ടിരിക്കുന്നത് ;

(സി) ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ മികവിന്റെ കേന്ദ്രങ്ങളാക്കിമാറ്റുവാൻ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത് ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

<u>അദ്ധ്യാപക പാക്കേജ്</u>

5304 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അദ്ധ്യാപക പാക്കേജിലെ നിർദ്ദേശം അനുസരിച്ചുള്ള അദ്ധ്യാപകയോഗ്യതാ പരീക്ഷ (TET) എന്നുമുതലുള്ള നിയമനങ്ങൾക്കാണ് ബാധകമാകുന്നത്;

(ബി) അദ്ധ്യാപക യോഗ്യതാ പരീക്ഷയുടെ വിശദാംശങ്ങൾ നൽകുമോ; പരീക്ഷയുടെ നടത്തിപ്പും ഘടനയും എപ്രകാരമാണ്;

(സി) സർവ്വീസിലുള്ള അദ്ധ്യാപകർക്കും യോഗ്യതാ പരീക്ഷ ബാധകമാണോ; വിശദാംശങ്ങൾ നൽകുമോ ?

# കേരള നിയമസഭ
# 25.10.2011-ലെ മറുപടിക്ക്

അദ്ധ്യാപക പാക്കേജ്

5305 ശ്രീ.മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആവിഷ്കരിച്ചിട്ടുള്ള അദ്ധ്യാപക പാക്കേജ് പ്രകാരം എത്ര അധ്യാപകർക്കാണ് സംരക്ഷണം ലഭിക്കുക ;

(ബി) ഇപ്പോൾ സർക്കാർ സ്കൂളുകളിൽ പഠിപ്പിച്ചുകൊണ്ടിരിക്കുന്ന സംരക്ഷിത അധ്യാപകരെ ആ സ്കൂളുകളിൽ തന്നെ നില നിറുത്തുമോ ?

# കേരള നിയമസഭ
# 25.10.2011-ലെ മറുപടിക്ക്

അദ്ധ്യാപക പാക്കേജ്

5306 ശ്രീ. കെ. രാധാകൃഷ്ണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പുതിയ അദ്ധ്യാപക പാക്കേജില്‍ പ്രൊട്ടക്ഷന്‍ സംബന്ധിച്ചുള്ള വിശദാംശങ്ങള്‍ പറയുമോ;

(ബി) വര്‍ഷങ്ങളായി അംഗീകാരം ലഭിക്കാതെ സേവനമനുഷ്ഠിക്കുന്ന എത്ര അദ്ധ്യാപകര്‍ക്ക് ഇതുമൂലം ഗുണമുണ്ടാകുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

<u>രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ</u>

5307 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ പ്രകാരം കാഞ്ഞങ്ങാട് മണ്ഡലത്തിൽ ഏതെല്ലാം യു. പി. സ്കൂളുകളാണ് ഹൈസ്കൂളുകളാക്കിയിട്ടുള്ളത് ;

(ബി) പ്രസ്തുത സ്കൂളുകൾ ഓരോന്നിനും കെട്ടിടം നിർമ്മിക്കാൻ എത്ര തുകയാണ് അനുവദിച്ചിട്ടുള്ളത്;

(സി) പ്രസ്തുത ഫണ്ട് ഉപയോഗിച്ച് എത്ര ഹൈസ്കൂളുകൾക്ക് കെട്ടിടം നിർമ്മിച്ചിട്ടുണ്ടെന്നും എത്ര എണ്ണത്തിന് ഇനിയും കെട്ടിട നിർമ്മാണം ആരംഭിക്കാനുണ്ടെന്നും അറിയിക്കുമോ;

(ഡി) ഇനിയും കെട്ടിട നിർമ്മാണം ആരംഭിക്കാത്ത സ്കൂളുകൾ ഉണ്ടെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

<u>സര്‍വ്വ ശിക്ഷാ അഭിയാന്‍ പദ്ധതി അനുസരിച്ചുള്ള സ്കൂളുകള്‍</u>

5308

ശ്രീ. റ്റി. എ. അഹമ്മദ് കബീര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) വിദ്യാഭ്യാസ അവകാശ നിയമപ്രകാരം സര്‍വ്വ ശിക്ഷാ അഭിയാന്‍ (എസ്.എസ്.എ) പദ്ധതി അനുസരിച്ചുള്ള സ്കൂളുകള്‍ ഇല്ലാത്ത പ്രദേശങ്ങള്‍ സംസ്ഥാനത്ത് ഉണ്ടോ; എങ്കില്‍ വിശദവിവരം നല്‍കുമോ;

(ബി) ഇല്ലെങ്കില്‍ പരിശോധനയ്ക്ക് നടപടി സ്വീകരിയ്ക്കുമോ;

(സി) വിദ്യാഭ്യാസ അവകാശ നിയമപ്രകാരം സ്കൂളുകള്‍ ഇല്ലാത്ത പ്രദേശത്ത് സ്കൂളുകള്‍ സ്ഥാപിക്കാന്‍ എന്തു നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

<u>നാഷണൽ അക്കാദമിക് കൗൺസിലിന്റെ അംഗീകാരം</u>

5309 ശ്രീ. പി. ഉബൈദുള്ള
,, സി. മോയിൻകുട്ടി
,, അബ്ദുറഹിമാൻ രണ്ടത്താണി
,, എൻ. ഷംസുദ്ദീൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നാഷണൽ അക്കാദമിക് കൗൺസിലിന്റെ (നാക്) അംഗീകാരം ലഭിക്കുന്നതിന് സംസ്ഥാനത്തെ വിദ്യാലയങ്ങളെ സജ്ജമാക്കുന്നതിന്റെ ഭാഗമായി ഉന്നത വിദ്യാഭ്യാസ വകുപ്പ് 2009, 2010 വർഷങ്ങളിൽ ഏറ്റെടുത്തു നടപ്പാക്കിയ പദ്ധതികളുടെ വിശദവിവരം വെളിപ്പെടുത്തുമോ;

(ബി) അതുമൂലം ഏതൊക്കെ സ്ഥാപനങ്ങൾക്ക് ഈ കാലയളവിൽ അംഗീകാരം ലഭിച്ചു എന്ന് വ്യക്തമാക്കുമോ;

(സി) അക്രഡിറ്റേഷൻ ലഭിക്കുന്ന സ്ഥാപനങ്ങൾക്ക് അതുമുഖേന ലഭ്യമാവുന്ന വർദ്ധിച്ച സൗകര്യങ്ങളും സഹായങ്ങളും സംബന്ധിച്ച വിശദവിവരം നൽകാമോ;

(ഡി) പുതിയ തൊഴിലധിഷ്ഠിത കോഴ്സുകൾക്ക് അനുയോജ്യമായവിധമുള്ള ലബോറട്ടറി, ലൈബ്രറി സൗകര്യങ്ങൾ എന്നിവ വികസിപ്പിക്കുന്നതിന് ഇത്തരം സ്ഥാപനങ്ങൾക്ക് ഈ കാലയളവിൽ സഹായം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

<u>വിദ്യാഭ്യാസ രംഗത്ത് ഗുണനിലവാരം വര്‍ദ്ധിപ്പിക്കുന്നതിന് നടപടി</u>

5310 ശ്രീ. ബെന്നി ബെഹനാന്‍
,, എ. റ്റി. ജോര്‍ജ്
,, വി. റ്റി. ബല്‍റാം
,, ഐ. സി. ബാലകൃഷ്ണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) വിദ്യാഭ്യാസരംഗത്ത് ഗുണനിലവാരം വര്‍ദ്ധിപ്പിക്കുന്നതിനും പഠന കേന്ദ്രങ്ങളുടെ മികവ് ഉറപ്പു വരുത്തുന്നതിനും എന്തെല്ലാം നടപടികളാണ് കൈകൊള്ളാനുദ്ദേശിക്കുന്നത് ;

(ബി) പ്രസ്തുത ലക്ഷ്യം നേടുന്നതിനായി 12-ാം പഞ്ചവത്സര പദ്ധതിയുടെ സമീപന രേഖയില്‍ ഇവ ഉള്‍പ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ ;

(സി) പഞ്ചവത്സര പദ്ധതിയില്‍ പ്രസ്തുത ഇനങ്ങള്‍ക്ക് പ്രഥമ പരിഗണന നല്കുമോ ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

<u>അദ്ധ്യാപക നിലവാരം</u>

5311 ശ്രീ. ഷാഫി പറമ്പിൽ
,, എം. പി. വിൻസെന്റ്
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ പാക്കേജിന്റെ ഭാഗമായി അദ്ധ്യാപക നിലവാരം അടിസ്ഥാനമാക്കി സംസ്ഥാനത്തെ സ്കൂൾ അദ്ധ്യാപകരെ തരംതിരിക്കുന്നതിനെക്കുറിച്ച് ആലോചിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) ഇതുകൊണ്ടുള്ള നേട്ടങ്ങൾ എന്തെല്ലാമാണ് ;

(സി) അദ്ധ്യാപകരെ നിരീക്ഷിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത് ;

(ഡി) ആയത് നടപ്പാക്കുന്നതിനു മുമ്പായി ബന്ധപ്പെട്ടവരുമായി ചർച്ച നടത്തുമോ ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

<u>സർക്കാർ സ്കൂളുകളുടെ അധ്യയന നിലവാരം</u>

5312 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ സ്കൂളുകളുടെ അധ്യയന നിലവാരം മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് ഉദ്ദേശിക്കുന്നത്;

(ബി) സർക്കാർ സ്കൂളുകളിൽ വിദ്യാർത്ഥികൾക്ക് പ്രാതൽ, ഉച്ച ഊണ്, വൈകിട്ട് ഒരു ഗ്ലാസ് പാൽ എന്നിവ കൊടുക്കുന്ന പദ്ധതി കേരളത്തിൽ എല്ലാ വിദ്യാലയങ്ങളിലും നടപ്പിലാക്കുമോ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

<u>വിദ്യാഭ്യാസ പാക്കേജുകൾ</u>

5313

ശ്രീ. കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം വിദ്യാഭ്യാസ രംഗത്ത് എന്തെല്ലാം പാക്കേജുകളാണ് നടപ്പിലാക്കിയിട്ടുള്ളത്;

(ബി) ഇതുമായി ബന്ധപ്പെട്ട ഉത്തരവുകളും വിശദാംശങ്ങളും ലഭ്യമാക്കാമോ ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

<u>വ്യത്യസ്ത ശേഷിയുള്ള കുട്ടികളുടെ വിദ്യാഭ്യാസത്തിനുള്ള പ്രത്യേക പദ്ധതി</u>

5314 ശ്രീ. റ്റി. എൻ. പ്രതാപൻ
,, കെ. അച്ചുതൻ
,, വർക്കല കഹാർ
,, വി. ഡി. സതീശൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വ്യത്യസ്തശേഷിയുള്ള കുട്ടികളുടെ വിദ്യാഭ്യാസത്തിനുള്ള പ്രത്യേക പദ്ധതി 12-ാം പഞ്ചവത്സര പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ വിദ്യാഭ്യാസം, പരിശീലനം, തൊഴിൽ ഇവ മൂന്നും ചേർന്ന പദ്ധതിക്ക് രൂപം നൽകുമോ;

(സി) ഈ പദ്ധതിയുടെ വിശദാംശങ്ങൾ ഏതെല്ലാം; വിശദമാക്കുമോ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

<u>വൈകല്യമുള്ളവരുടെ വിദ്യാഭ്യാസത്തിന് പദ്ധതി</u>

5315 ശ്രീ.കെ. ശിവദാസൻ നായർ
,, പി. സി. വിഷ്ണുനാഥ്
,, അൻവർ സാദത്ത്
,, എ. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിവിധ വൈകല്യമുള്ളവരുടെ വിദ്യാഭ്യാസത്തിന് പരമാവധി സൗകര്യമൊരുക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നു;

(ബി) ഇക്കാര്യം അടുത്ത പഞ്ചവത്സര പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) ഇതിനുവേണ്ടി പ്രത്യേകം പദ്ധതി ആവിഷ്ക്കരിക്കാൻ ആരെ ചുമതലപ്പെടുത്തി ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

<u>മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾ</u>

5316 ശ്രീ.ജോസഫ് വാഴക്കൻ
,, എം. എ. വാഹീദ്
,, പി. സി. വിഷ്ണുനാഥ്
,, അൻവർ സാദത്ത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാനസികമായി വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ വിദ്യാഭ്യാസത്തിനായി ഏതെല്ലാം സ്ഥാപനങ്ങളാണ് പ്രവർത്തിച്ചുവരുന്നത് ;

(ബി) ഇതിനായി എത്ര രജിസ്റ്റേഡ് സ്ഥാപനങ്ങൾ നിലവിലുണ്ട് ;

(സി) പ്രസ്തുത മേഖലയിൽ പരിശീലനം ലഭിച്ച അദ്ധ്യാപകരുടെ എണ്ണം വളരെ കുറവാണെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ ആയത് പരിഹരിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത് ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

<u>മലയാളം ഒന്നാംഭാഷയായി അംഗീകരിച്ച് പഠനം</u>

5317 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലയാളം ഒന്നാംഭാഷയായി അംഗീകരിച്ച് പഠനം ആരംഭിക്കാത്തതിന്റെ കാരണങ്ങൾ വെളിപ്പെടുത്തുമോ ;

(ബി) ഹയർസെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി വിദ്യാലയങ്ങളിൽ മലയാളം ഒന്നാംഭാഷയാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**25.10.2011-ലെ മറുപടിക്ക്**

<u>സ്കൂൾ പാഠപുസ്തക വിതരണം</u>

5318 ശ്രീ. എൻ. ഷംസുദ്ദീൻ

താഴെ കാണുന്ന ചോദ്യത്തിന്
**വിദ്യാഭ്യാസവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

പാഠപുസ്തകങ്ങൾ യഥാസമയം സ്കൂളുകളിലെത്തിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

<u>പാഠപുസ്തക നിർമ്മാണം</u>

5319 ശ്രീ. സി. പി. മുഹമ്മദ്
,, വി. ഡി. സതീശൻ
,, ബെന്നി ബെഹനാൻ
,, വി. റ്റി. ബൽറാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്കൂൾ കുട്ടികൾക്ക് പാഠപുസ്തകങ്ങൾ തയ്യാറാക്കി നൽകുന്ന SCERT, കഴിഞ്ഞ നാലഞ്ചുവർഷങ്ങളായി ചരിത്രത്തെ തെറ്റായി വ്യാഖ്യാനിച്ചുകൊണ്ടും ഭാഷയേയും സംസ്കാരത്തേയും വികലമാക്കിക്കൊണ്ടും പാഠപുസ്തക നിർമ്മാണം നടത്തി എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് അവസാനിപ്പിക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ;

(ബി) സാമൂഹ്യശാസ്ത്രം, മലയാളം പാഠപുസ്തകം എന്നിവയുടെ നിർമ്മിതിയെക്കുറിച്ച് ഉയർന്നുവരുന്ന ആരോപണങ്ങളും വിവാദങ്ങളും അവസാനിപ്പിക്കുന്നതിന്, പാഠപുസ്തക നിർമ്മാണ രീതിയിൽ കുറ്റമറ്റ സംവിധാനം രൂപപ്പെടുത്താൻ നടപടി സ്വീകരിക്കുമോ;

(സി) ദേശീയ സ്വാതന്ത്ര്യ സമരചരിത്രത്തെക്കുറിച്ചും സ്വാതന്ത്ര്യസമരത്തിന് നേതൃത്വം നൽകിയ നേതാക്കളെക്കുറിച്ചും പാഠ്യപദ്ധതിയിൽ കൂടുതൽ വിവരങ്ങൾ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ;

(ഡി) പത്താം ക്ലാസ്സിലെ മലയാള പാഠപുസ്തകനിർമ്മാണവുമായി ബന്ധപ്പെട്ട് 2010-ൽ നടത്തിയ ശില്പശാലയിൽ നിന്നും പ്രഗൽഭരും എഴുത്തുകാരുമായ ഒരു സംഘം അദ്ധ്യാപകരെ മാറ്റി നിറുത്തിക്കൊണ്ട് പാഠപുസ്തകം നിർമ്മിച്ച ഫാക്കൽറ്റിയെ നിർമ്മാണ സമിതികളിൽ നിന്ന് ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

<u>പത്താം ക്ലാസ്സിലെ പുതിയ പാഠപുസ്തകങ്ങൾ</u>

5320 ശ്രീ. എം.എ. ബേബി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പത്താം ക്ലാസ്സിലെ പുതിയ പാഠപുസ്തകങ്ങൾക്ക് അനുപൂരകമായി സാക്ഷരതാ സമിതി നടത്തുന്ന തുല്യതാ പരീക്ഷയുടെ പാഠപുസ്തകം പരിഷ്കരിക്കുന്നുണ്ടോ;

(ബി) പത്താം ക്ലാസ്സിലെ പാഠപുസ്തകപരിഷ്കരണത്തിന്റെ തുടർച്ചയായി പതിനൊന്നാം ക്ലാസ്സിൽ ഏതെല്ലാം പാഠപുസ്തകങ്ങളാണ് അടുത്ത അക്കാദമിക വർഷം മാറ്റം വരുത്തുന്നത് എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

<u>സ്കൂളുകളിലെ ശുചിത്വം</u>

5321 ശ്രീ. ഐ. സി. ബാലകൃഷ്ണൻ
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാലിന്യവിമുക്ത കേരളം പദ്ധതിയുടെ ഭാഗമായി സ്കൂളുകളിൽ കൈക്കൊള്ളുന്ന നടപടികൾ എന്തെല്ലാമാണ്;

(ബി) കുട്ടികളിൽ ശുചിത്വബോധം വളർത്തുവാൻ ആവശ്യമായ പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ;

(സി) സ്കൂളുകളിൽ ഫ്ളക്സ് ബോർഡുകളും, ബാനറുകളും, പ്ലാസ്റ്റിക് കുപ്പികളും നിയന്ത്രിക്കുന്നതിന് നടപടി എടുക്കുമോ;

(ഡി) എല്ലാ സ്കൂളുകളിലും ഗ്രീൻകോർ ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

<u>സ്കൂൾ വിദ്യാർത്ഥികളുടെ ആരോഗ്യ പരിശോധന</u>

5322 ശ്രീ. വി. എസ്. സുനിൽ കുമാർ
,, കെ. രാജു
,, ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്കൂൾ വിദ്യാർത്ഥികളുടെ ആരോഗ്യ പരിശോധനകൾക്കായി ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ എന്തെല്ലാമാണ് ;

(ബി) ഓരോ അദ്ധ്യയനവർഷവും ശരാശരി എത്ര വിദ്യാർത്ഥികളെ പരിശോധനകൾക്ക് വിധേയമാക്കുന്നുണ്ട്;

(സി) സ്കൂൾ കുട്ടികൾക്കായി പ്രത്യേക ഹെൽത്ത് കാർഡുകൾ രേഖയായി സൂക്ഷിക്കാറുണ്ടോ;

(ഡി) പരിശോധനകളുടെ ഭാഗമായി വിദ്യാർത്ഥികളിൽ കണ്ടെത്തുന്ന രോഗങ്ങൾക്ക് തുടർ ചികിത്സയ്ക്കായി ഏതെങ്കിലും തരത്തിലുള്ള സഹായം നൽകാറുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

<u>സര്‍ക്കാര്‍ സ്കൂളുകളില്‍ അടിസ്ഥാന സൗകര്യങ്ങള്‍</u>

5323 ശ്രീ. മുല്ലക്കര രത്നാകരന്‍
,, വി. ശശി.
ശ്രീമതി ഗീതാ ഗോപി
ശ്രീ. ഇ.കെ. വിജയന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്തെ സര്‍ക്കാര്‍ സ്കൂളുകളില്‍ കുടിവെള്ളം, കക്കൂസ്, മൂത്രപ്പുര തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങള്‍ ഏര്‍പ്പെടുത്താന്‍ കഴിഞ്ഞിട്ടുണ്ടോ ;

(ബി) ഇല്ലെങ്കില്‍ ഇത്തരത്തിലുള്ള എത്ര സര്‍ക്കാര്‍ സ്കൂളുകള്‍ക്ക് സഹായം ലഭിക്കേണ്ടതുണ്ട് ;

(സി) പ്രസ്തുത സ്കൂളുകളുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

(ഡി) സര്‍ക്കാര്‍ വിദ്യാലയങ്ങളില്‍ അടിസ്ഥാന സൗകര്യങ്ങള്‍ ഏര്‍പ്പെടുത്തുന്നതിന് എന്തെല്ലാം പദ്ധതികള്‍ നിലവിലുണ്ട് ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

<u>സർക്കാർ സ്കൂളുകളിലെ വിദ്യാർത്ഥികളുടെ കുറവ് പരിഹരിക്കാൻ നടപടി</u>

5324 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ സ്കൂളുകളിൽ കുട്ടികളുടെ എണ്ണം കുറഞ്ഞു വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇതു പരിഹരിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിക്കുന്നത്;

(ബി) സർക്കാർ സ്കൂളുകളിൽ കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് ഈ വർഷം ഓരോ ജില്ലയിലും എത്ര കുട്ടികളുടെ കുറവ് ഉണ്ടായിട്ടുണ്ട് ;

(സി) സർക്കാർ സ്കൂളുകളുടെ പ്രവർത്തി സമയത്തിൽ മാറ്റം വരുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

<u>സർക്കാർ സ്കൂളുകളിലെ വാഹനസൗകര്യം</u>

5325 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ സ്കൂളുകളിലെ കുട്ടികളുടെ കുറവ് പരിഹരിക്കുന്നതിനായി എല്ലാ സ്കൂളുകളിലേയ്ക്കും വാഹന സൗകര്യം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) സർക്കാർ സ്കൂളുകളിൽ നിലവിലുള്ള വാഹനങ്ങളിലെ ഡ്രൈവർമാർക്ക് ദിവസവേതനം നൽകാൻ തയ്യാറാകുമോ ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

<u>അപ്പർ പ്രൈമറി / ഹൈസ്കൂൾ കുട്ടികളുടെ കൊഴിഞ്ഞുപോക്ക്</u>

5326 ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അപ്പർ പ്രൈമറി / ഹൈസ്കൂൾ വിഭാഗങ്ങളിൽ ഏറ്റവും കൂടുതൽ വിദ്യാർത്ഥികൾ കൊഴിഞ്ഞുപോകുന്നത് എവിടെയാണെന്നതിന്റെ ജില്ലാതല വിശദാംശം ലഭ്യമാക്കുമോ;

(ബി) കഴിഞ്ഞ അഞ്ചു വർഷങ്ങളിലായി വയനാട് ജില്ലയിലെ അപ്പർ പ്രൈമറി / ഹൈസ്കൂൾ വിഭാഗങ്ങളിൽ ഉണ്ടായ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്കിന്റെ താലൂക്ക് തല വിശദാംശം ലഭ്യമാക്കുമോ;

(സി) വിദ്യാർത്ഥികൾ കൊഴിഞ്ഞു പോകുന്നത് നിയന്ത്രിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

<u>പ്രേരക്മാർക്ക് വേതനം വർദ്ധിപ്പിക്കുന്നതിന് നടപടി</u>

5327 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സമ്പൂർണ്ണ സാക്ഷരതയിലേക്ക് എത്തിക്കുന്നതിലും വിദേശരാജ്യങ്ങളിലേക്ക് തൊഴിൽ തേടി പോകുന്നവർക്ക് അടിസ്ഥാന വിദ്യാഭ്യാസ യോഗ്യതയായ എസ്.എസ്.എൽ.സി. നേടുന്നതിന് പ്രാപ്തരാക്കുന്നതിലും പ്രേരക്മാർ നിർണായ പങ്ക് വഹിച്ചതായി സർക്കാർ കരുതുന്നുണ്ടോ;

(ബി) പ്രേരക്മാർക്ക് എന്തെല്ലാം ഉത്തരാവാദിത്വങ്ങളാണ് സർക്കാർ നിശ്ചയിച്ച് നൽകിയിട്ടുള്ളത്;

(സി) ഈ ഉത്തരവാദിത്തങ്ങൾ നിറവേറുന്നതിന് മതിയായ വേതനമാണ് അവർക്ക് നൽകുന്നത് എന്ന് സർക്കാർ കരുതുന്നുണ്ടോ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

<u>സ്പെഷ്യൽ റൂൾസ് പ്രകാരമുള്ള തസ്തികകൾ</u>

5328 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യത്തിന്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഹയർ സെക്കന്ററി സ്കൂളുകളുടെ പ്രവർത്തനത്തിനായി സ്പെഷ്യൽ റൂൾസ് പ്രകാരമുള്ള തസ്തികകൾ സൃഷ്ടിക്കുന്നത് പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

<u>വിദ്യാഭ്യാസ മേഖലയിലെ അസന്തുലിതാവസ്ഥ</u>

5329 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, റ്റി. എൻ. പ്രതാപൻ
,, വർക്കല കഹാർ
,, വി. ഡി. സതീശൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ മേഖലയിലെ അസന്തുലിതാവസ്ഥ പരിഹരിക്കുന്നതിന് പ്രഥമ പരിഗണന നൽകുമോ;

(ബി) സർക്കാർ പൊതു വിദ്യാലയങ്ങളിൽ മോഡൽ സ്കൂളുകൾ അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(സി) ഒരേ വിദ്യാലയങ്ങളിൽ നിയമനാംഗീകാരം ലഭിച്ചവരും അല്ലാത്തവരുമായ അദ്ധ്യാപകർ നിലനിൽക്കുന്ന അവസ്ഥയ്ക്ക് മാറ്റം വരുത്താൻ ശ്രമിക്കുമോ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

ബദൽ സ്കൂളുകൾ

5330 ശ്രീ. റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യത്തിന്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

താൽക്കാലിക ബദൽ സ്കൂളുകളെ പ്രൈമറി വിദ്യാലയങ്ങളായി അപ്ഗ്രേഡ് ചെയ്യുന്ന പദ്ധതി പ്രകാരം ഈ വർഷം അപ്ഗ്രേഡ് ചെയ്യാൻ കേന്ദ്രസർക്കാർ അംഗീകാരം നൽകിയ 118 സ്കൂളുകളുടെ അപ്ഗ്രഡേഷൻ നടപ്പാക്കുന്നതിന് ഇതേവരെ സ്വീകരിച്ച നടപടി സംബന്ധിച്ച വിശദവിവരം നൽകാമോ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

ബദൽ വിദ്യാലയങ്ങൾ

5331 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എത്ര ബദൽ വിദ്യാലയങ്ങൾ പ്രവർത്തിക്കുന്നുണ്ട് ;

(ബി) ബദൽ വിദ്യാലയങ്ങളിൽ എത്ര കുട്ടികൾ പ്രാഥമിക വിദ്യാഭ്യാസം നേടുന്നുണ്ട് ;

(സി) ബദൽ വിദ്യാലയങ്ങളുടെ പ്രവർത്തന പ്രതിസന്ധിയുടെ കാരണങ്ങൾ എന്തെല്ലാമാണ് ;

(ഡി) പ്രസ്തുത പ്രതിസന്ധി പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 25.10.2011-ലെ മറുപടിക്ക്

<u>സർക്കാർ അംഗീകാരമില്ലാത്ത വിദ്യാലയങ്ങൾ</u>

5332 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര അൺഎയ്ഡഡ് സ്കൂളുകൾ ഉണ്ട്;

(ബി) പുതിയ അൺഎയ്ഡഡ് സ്കൂളുകൾ അനുവദിക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(സി) പല സ്ഥലങ്ങളിലും അംഗീകാരമില്ലാതെ അൺഎയ്ഡഡ് വിദ്യാലയങ്ങൾ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പ്രസ്തുത സ്കൂളുകളിലെ വിദ്യാർത്ഥികൾ അംഗീകാരമുള്ള സ്കൂളുകളുടെ പേരിൽ പരീക്ഷ എഴുതുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) കേരള എഡ്യൂക്കേഷൻ മാനുവൽ പ്രകാരം പ്രസ്തുത നടപടി അനുവദനീയമാണോ; ഇല്ലെങ്കിൽ ഇത്തരം സ്കൂളുകൾക്കെതിരെ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

<u>ന്യൂനപക്ഷ സമുദായങ്ങൾ നടത്തുന്ന സ്കൂളുകൾ</u>

5333 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷ സമുദായങ്ങൾ നടത്തുന്ന സ്കൂളുകൾക്കുള്ള അടിസ്ഥാന സൗകര്യ വികസനത്തിനായി എത്ര സ്കൂളുകൾ ശുപാർശ ചെയ്യപ്പെട്ടിട്ടുണ്ട് ;

(ബി) ഇതുവരെ ഏതെല്ലാം സ്കൂളുകൾക്കാണ് പണം അനുവദിച്ചിട്ടുള്ളത് ;

(സി) എത്ര രൂപ വീതമാണ് ഓരോ സ്കൂളുകൾക്കും ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

<u>ഏരിയ ഇന്റൻസീവ് പദ്ധതി</u>

5334 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഏരിയ ഇന്റൻസീവ് പദ്ധതിയനുസരിച്ച് നേരത്തെ എത്ര സ്കൂളുകൾ ആരംഭിച്ചു;

(ബി) അതിൽ എത്ര സ്കൂളുകൾ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്;

(സി) പ്രസ്തുത പദ്ധതി ഇപ്പോൾ നിലവിലുണ്ടോ;

(ഡി) എത്രയെണ്ണത്തിനാണ് സർക്കാർ സഹായം നൽകുന്നത്;

(ഇ) സഹായം സ്വീകരിക്കാത്ത സ്കൂളുകൾ ഏതെല്ലാമാണ്;

(എഫ്) സഹായം ലഭിച്ചിട്ടും തുടർന്ന് നടത്താത്ത സ്കൂളുകൾ ഏതെല്ലാമാണ്?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

<u>സ്കൂൾ കുട്ടികൾക്ക് ലാപ്ടോപ്പ്</u>

5335 ശ്രീ. ഇ.കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തെരഞ്ഞെടുത്ത സ്മാർട്ട് സ്കൂളുകളിൽ ''ക്ലാസ്മേറ്റ് ലാപ്ടോപ്പുകൾ'' ഏതൊക്കെ ജില്ലകളിൽ എത്ര എണ്ണം വിതരണം നടത്തിയിട്ടുണ്ട് ;

(ബി) ഇത് എല്ലാ ജില്ലകളിലും വിതരണം ചെയ്യാനുള്ള നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

<u>അൺ എയ്ഡഡ് സ്കൂളുകൾ</u>

5336 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അൺ എയ്ഡഡ് സ്കൂളുകൾക്ക് അംഗീകാരം നൽകുന്നത് ഏതെങ്കിലും പഠനത്തിന്റെ അടിസ്ഥാനത്തിലാണോ;

(ബി) ഇതു സംബന്ധിച്ചുള്ള നയം വ്യക്തമാക്കുമോ;

(സി) നിലവിൽ പൊതുമേഖലയിൽ എത്ര ലക്ഷം കുട്ടികൾ പഠിക്കുന്നുണ്ട്; അവർക്ക് ആവശ്യമായ കെട്ടിടസൗകര്യങ്ങൾ നിലവിലുണ്ടോ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

ശതാബ്ദി സ്കൂളുകളുടെ ചരിത്രം

5337 ശ്രീ. റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യത്തിന്
**വിദ്യാഭ്യാസ വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

ശതാബ്ദി സ്കൂളുകളുടെ ചരിത്രം തയ്യാറാക്കാനുള്ള പദ്ധതിയുടെ പുരോഗതി വിശദമാക്കുമോ ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

<u>സ്കൂൾ അദ്ധ്യാപകരുടെ ഇംഗ്ലീഷ് ഭാഷാ പ്രാവീണ്യം</u>

5338 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂൾ അദ്ധ്യാപകർക്ക് ഇംഗ്ലീഷ് ഭാഷയിൽ പ്രവീണ്യം ഇല്ല എന്ന കാരണത്താൽ കുട്ടികൾ സംസ്ഥാന സിലബസിൽ നിന്നും കേന്ദ്ര സിലബസിലേക്ക് മാറുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സംസ്ഥാനത്തെ സ്കൂൾ അദ്ധ്യാപകർക്ക് ഇംഗ്ലീഷ് ഭാഷയിൽ പ്രാവീണ്യം ഉണ്ടാക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
# 25.10.2011-ലെ മറുപടിക്ക്

<u>വാഹന അപകടം</u>

5339 ശ്രീ. ബാബു.എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിദ്യാർത്ഥികളെ സ്കൂളിൽ എത്തിക്കുന്ന എത്ര വാഹനങ്ങൾ അപകടത്തിൽപ്പെട്ടിട്ടുണ്ട്;

(ബി) ഇതുമൂലം എത്ര കുട്ടികൾക്ക് ജീവഹാനി സംഭവിച്ചിട്ടുണ്ട്; എത്രപേർക്ക് മാരകമായ പരുക്കു പറ്റിയിട്ടുണ്ട്;

(സി) സ്കൂൾ കുട്ടികളെ കയറ്റിയ വാഹനങ്ങൾ അപകടത്തിൽപ്പെടുന്നത് നിയന്ത്രിക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദാംശം വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

<u>സ്കൂൾ കുട്ടികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ</u>

5340 ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്കൂൾ കുട്ടികൾക്ക് അപകടം സംഭവിച്ചാൽ എന്തൊക്കെ സഹായങ്ങളാണ് ലഭ്യമാക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(ബി) സ്കൂൾ കുട്ടികൾക്ക് നിലവിൽ ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നുണ്ടോ ;

(സി) ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

<u>അദ്ധ്യാപക രക്ഷകർതൃ സമിതികളുടെ പ്രവർത്തനം</u>

5341 ശ്രീ. ഹൈബി ഈഡൻ
,, വി. റ്റി. ബൽറാം
,, ഐ. സി. ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അദ്ധ്യാപക രക്ഷകർതൃ സമിതികളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത് ;

(ബി) മികച്ച പ്രവർത്തനം കാഴ്ചവെയ്ക്കുന്ന സമിതികൾക്ക് എന്തെല്ലാം പ്രോത്സാഹന സമ്മാനങ്ങളാണ് നൽകിവരുന്നത് ;

(സി) ഇത്തരം പ്രോത്സാഹന സമ്മാനങ്ങളുടെ എണ്ണവും തുകയും വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ ?

# കേരള നിയമസഭ
# 25.10.2011-ലെ മറുപടിക്ക്

<u>പി. ടി. എ. നടത്തുന്ന പ്രീ- പ്രൈമറി സ്കൂളുകൾ</u>

5342 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പി. ടി. എ. നടത്തുന്നതുമൂലം പ്രീ- പ്രൈമറി സ്കൂളുകൾ ഫലപ്രദമായും, ഗുണനിലവാരത്തോടെയും അവ നടത്തിക്കൊണ്ടുപോകാനാവാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇത്തരം സ്കൂളുകളെ സർക്കാർ ഏറ്റെടുക്കുവാൻ നടപടി സ്വീകരിയ്ക്കുമോ ;

(ബി) ഇല്ലെങ്കിൽ പി. ടി. എ. നടത്തുന്ന പ്രീ പ്രൈമറി സ്കൂളുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തുവാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ ;

(സി) ഇത്തരം സ്കൂളുകളെ ഏറ്റെടുക്കുമെങ്കിൽ, പി. ടി. എ. നിയമിച്ചിട്ടുള്ള അദ്ധ്യാപകരെ നിലനിറുത്തുവാനുള്ള നടപടി സ്വീകരിയ്ക്കുമോ ?

# കേരള നിയമസഭ
# 25.10.2011-ലെ മറുപടിക്ക്

<u>അദ്ധ്യാപികമാർക്കും, ആയമാർക്കും സഹായം</u>

5343 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ സ്കൂളുകളോടനുബന്ധിച്ച് പി.റ്റി.എ. നടത്തുന്ന പ്രീ-പ്രൈമറി സ്കൂളുകളിലെ അദ്ധ്യാപികമാർക്കും, ആയമാർക്കും സഹായം ലഭ്യമാക്കുന്നുണ്ടോ; എങ്കിൽ പ്രതിമാസം എത്ര രൂപയാണ് നൽകുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ഇപ്പോൾ ജോലി ചെയ്തുവരുന്ന എല്ലാ അദ്ധ്യാപികമാർക്കും, ആയമാർക്കും ധനസഹായം ലഭിക്കുന്നുണ്ടോ;

(സി) ഇല്ലെങ്കിൽ എല്ലാവർക്കും ലഭ്യമാക്കുവാനുളള നടപടി സ്വീകരിക്കുമോ;

(ഡി) ഇപ്പോൾ സർക്കാർ പ്രതിമാസം നൽകുന്ന സഹായം അപര്യാപ്തമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രീ-പ്രൈമറി അദ്ധ്യാപികമാർക്കും, ആയമാർക്കും നൽകുന്ന സാമ്പത്തിക സഹായം വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 25.10.2011-ലെ മറുപടിക്ക്

<u>സ്കൂളുകൾക്കുള്ള ഗ്രാന്റ്</u>

5344 ശ്രീ. ബി.ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ സ്കൂളുകളിലെ വൈദ്യുതി ചാർജ്ജ്, വാട്ടർ അതോറിറ്റി ബില്ലുകൾ എന്നിവ അടയ്ക്കുന്നത് അതാത് സ്കൂളുകളിലെ പി.ടി.എ.യാണ് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ശരാശരി ഒരു ലക്ഷത്തിനു മുകളിൽ ഈ ഇനങ്ങളിൽ പ്രതിവർഷം ചെലവു വരുമ്പോൾ, ജില്ലാ പഞ്ചായത്ത് പലവക ഗ്രാന്റായി പതിനായിരം രൂപ മാത്രമാണ് നൽകുന്നത് എന്നതിനാൽ സ്കൂൾ പി.ടി.എ.കൾക്ക് കടുത്ത സാമ്പത്തിക ബാധ്യത വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇതിനായി വകുപ്പുതലത്തിൽ തുക അനുവദിക്കുന്നതിനും ഗ്രാന്റ് വർദ്ധിപ്പിക്കുന്നതിനും അടക്കമുള്ള നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

<u>സ്കൂളുകളിലെ ടോയ്‌ലറ്റ് സൗകര്യം</u>

5345 ശ്രീ. ബാബു. എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പല സർക്കാർ - എയ്ഡഡ് സ്കൂളുകളിലും വൃത്തിയുള്ളതും, സൗകര്യപ്രദവുമായ ടോയ്‌ലറ്റ് സൗകര്യം ഇല്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എല്ലാ സ്കൂളുകളിലും മതിയായ ടോയ്‌ലറ്റ് സൗകര്യവും, ശുദ്ധജല ലഭ്യതയും ഉറപ്പുവരുത്തുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

<u>സ്കൂൾ സമയ മാറ്റം</u>

5346 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂളുകളുടെ അംഗീകരിച്ച സമയ ക്രമം എന്താണെന്ന് വ്യക്തമാക്കുമോ ;

(ബി) സ്കൂൾ കലണ്ടറുകൾ മാറ്റുന്ന അതേ വ്യവസ്ഥ പാലിച്ചുകൊണ്ട് സ്കൂളുകളുടെ സമയക്രമം മാറ്റുന്നതിന് നടപടികൾ സ്വീകരിയ്ക്കുമോ :

(സി) സർക്കാർ ഓഫീസ് സമയത്തിനനുസൃതമായി സ്കൂളുകളുടെ സമയം ക്രമപ്പെടുത്തിയാൽ നഗരങ്ങളിലെ അനിയന്ത്രിതമായ വാഹനത്തിരക്ക് രാവിലെയും വൈകുന്നേരവും ഒഴിവാക്കുവാൻ കഴിയുമെന്നതിനെക്കുറിച്ച് പഠിക്കുവാൻ നടപടികൾ സ്വീകരിയ്ക്കുമോ ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

<u>സർക്കാർ ഇംഗ്ലീഷ് മീഡിയം വിദ്യാലയങ്ങളിലെ അദ്ധ്യാപകർ</u>

5347 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ വിദ്യാലയങ്ങളിലെ പഠന നിലവാരം മെച്ചപ്പെടുത്തുവാനും കൂടുതൽ വിദ്യാർത്ഥികളെ സർക്കാർ വിദ്യാലയങ്ങളിലേയ്ക്ക് എത്തിക്കുവാനും ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നു വ്യക്തമാക്കുമോ ;

(ബി) സർക്കാർ ഇംഗ്ലീഷ് മീഡിയം വിദ്യാലയങ്ങളിലെ അദ്ധ്യാപകർക്ക് മലയാളം മീഡിയം വിദ്യാലയങ്ങളിലെ അദ്ധ്യാപകരെക്കാൾ എന്തെങ്കിലും അധിക യോഗ്യത ആവശ്യമായുണ്ടോ എന്നു വെളിപ്പെടുത്തുമോ ;

(സി) ഇംഗ്ലീഷ് മീഡിയം വിദ്യാലയങ്ങളിലെ അദ്ധ്യാപകർക്ക് അധികമായി പരിശീലനം നൽകുന്നുണ്ടോ ; ഇംഗ്ലീഷ് മീഡിയം വിദ്യാലയങ്ങളിൽ ഭാഷേതര വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന അദ്ധ്യാപകർ ഇംഗ്ലീഷ് ഭാഷയിൽ പഠിപ്പിക്കുമ്പോഴുണ്ടാകാവുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ഡി) സർക്കാർ വിദ്യാലയങ്ങളിൽ മലയാളം, ഇംഗ്ലീഷ്, ഹിന്ദി തുടങ്ങിയ ഭാഷകൾ കൈകാര്യം ചെയ്യുന്ന അദ്ധ്യാപകർക്ക് അതാതു വിഷയങ്ങളിൽ നിശ്ചിത യോഗ്യതകളും പരിശീലനവും ലഭിച്ചിട്ടുണ്ടോ ;

(ഇ) ഇല്ലെങ്കിൽ ആയത് പരിഹരിക്കുവാൻ എന്തു നടപടി സ്വീകരിമെന്നു വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

<u>എയ്ഡഡ് സ്കൂള്‍ അധ്യാപകരുടെ സ്വകാര്യ ട്യൂഷന്‍</u>

5348 ശ്രീ. പുരുഷന്‍ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
വിദ്യാഭ്യാസ **വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്തെ സര്‍ക്കാര്‍/എയ്ഡഡ് സ്കൂള്‍ അധ്യാപകര്‍ സ്വകാര്യ ട്യൂഷന്‍ ക്ലാസുകള്‍ നടത്തുന്നത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) പൊതുസ്കൂളുകളിലെ അദ്ധ്യയന നിലവാരത്തെ സാരമായി ബാധിക്കുന്ന ഇത്തരം സ്വകാര്യ പ്രാക്ടീസ് നടത്തുന്ന അധ്യാപകരക്കുറിച്ച് വിവരങ്ങള്‍ സമര്‍പ്പിക്കാന്‍ ബന്ധപ്പെട്ടവരോട് ആവശ്യപ്പെടുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

മഹിള സമഖ്യ സൊസൈറ്റിയുടെ പ്രവര്‍ത്തനം

5349 ശ്രീ. എസ്. രാജേന്ദ്രന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഇടുക്കി ജില്ലയില്‍ എവിടെയെല്ലാമാണ് മഹിള സമഖ്യ സൊസൈറ്റിയുടെ പ്രവര്‍ത്തനം നടക്കുന്നത് ;

(ബി) ഇടുക്കി ജില്ലയില്‍ മഹിള സമഖ്യയുടെ ഇപ്പോഴത്തെ പ്രോജക്ടുകള്‍ എന്തൊക്കെയാണ്;

(സി) മറ്റ് ഏതെല്ലാം ജില്ലകളിലാണ് സമഖ്യയുടെ പ്രവര്‍ത്തനങ്ങള്‍ നടക്കുന്നത്;

(ഡി) ഇടുക്കി ജില്ലയിലെ പ്രോജക്ടുകളില്‍ നിന്നും വ്യത്യസ്തമായി മറ്റു ജില്ലകളില്‍ ഏതെല്ലാം പ്രോജക്ടുകളാണുളളതെന്ന് വിശദീകരിക്കാമോ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

<u>പ്ലസ്സ് ടു സ്കൂളുകൾക്ക് പുതിയ ബാച്ച്</u>

5350 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്ലസ്സ് ടു സ്കൂളുകൾക്ക് പുതിയ ബാച്ച് അനുവദിക്കുന്നതിനും, പുതിയ പ്ലസ് ടു അനുവദിക്കുന്നതിനും നിലവിൽ ഏത് മാനദണ്ഡമനുസരിച്ചാണ് തീരുമാനമെടുക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ മണ്ഡലത്തിലെയും അർഹത നേടിയ വിദ്യാർത്ഥികളുടെ എണ്ണം മാനദണ്ഡമായി സ്വീകരിക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 25.10.2011-ലെ മറുപടിക്ക്

<u>അൺ എയ്ഡഡ് സ്കൂളുകളിലെ ഫീസ്</u>

5351 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻനായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അൺ എയ്ഡഡ് സ്കൂളുകളിൽ ഈടാക്കാവുന്ന ട്യൂഷൻ ഫീസിനെ സംബന്ധിച്ച് മുൻ കാലങ്ങളിൽ എന്തെങ്കിലും നിയന്ത്രണങ്ങൾ നിലവിലുണ്ടായിരുന്നുവോ;

(ബി) നിയന്ത്രണങ്ങൾ നീക്കം ചെയ്യുന്നതിന് പ്രേരിപ്പിച്ച ഘടകങ്ങൾ എന്തൊക്കെയായിരുന്നു;

(സി) ഇങ്ങനെ ചെയ്തതു മൂലം വിദ്യാർത്ഥികളിൽ നിന്നും അധിക ഫീസ് ഈടാക്കാൻ അത്തരം സ്കൂളുകൾക്ക് അവസരം സംജാതമായിരിക്കുകയാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇക്കാര്യത്തിൽ ഒരു നിയന്ത്രണവും വേണ്ടായെന്ന തീരുമാനം വിദ്യാർത്ഥികളെ ബാധിക്കുമെന്നാണ് വിലയിരുത്തുന്നത് ?

# കേരള നിയമസഭ

## 25.10.2011-ലെ മറുപടിക്ക്

<u>സ്റ്റേറ്റ് ഓപ്പൺ സ്കൂളിലെ ജീവനക്കാരുടെ എണ്ണം</u>

5352 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് ഓപ്പൺ സ്കൂളിൽ നിലവിൽ എത്ര ജീവനക്കാരുണ്ടെന്നും, സ്ഥിരം, ഡെപ്യൂട്ടേഷൻ, കരാർ, ദിവസക്കൂലി എന്നിവയുടെ ഇനം തിരിച്ചുളള എണ്ണവും വ്യക്തമാക്കാമോ;

(ബി) കരാർ നിയമനത്തിന്റെ ഭാഗമായി ജീവനക്കാരുമായി കരാർ ഉണ്ടാക്കിയിട്ടുണ്ടോ; എങ്കിൽ ഈ കരാർ കാലാവധി എന്ന് പൂർത്തിയാകുമെന്ന് വ്യക്തമാക്കാമോ;

(സി) കേരള സ്റ്റേറ്റ് ഓപ്പൺ സ്കൂളിൽ 1999 മുതൽ 2011 വരെ ഹയർ സെക്കന്ററി കോഴ്സിന് രജിസ്റ്റർ ചെയ്ത വിദ്യാർത്ഥികളുടെ എണ്ണം വാർഷികാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

<u>ഗസ്റ്റ് അദ്ധ്യാപകരുടെ ശമ്പളം</u>

5353 ശ്രീ. എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിൽ ജോലി ചെയ്യുന്ന ഗസ്റ്റ് അദ്ധ്യാപകരുടെ നിലവിലുളള ശമ്പളം എത്ര രൂപയാണ്;

(ബി) ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി അദ്ധ്യാപകരുടെ ദിവസവേതനം വർദ്ധിപ്പിച്ച് ഉത്തരവായിട്ടുണ്ടോ; എങ്കിൽ പകർപ്പു ലഭ്യമാക്കുമോ;

(സി) ഉത്തരവായിട്ടില്ലെങ്കിൽ ആയത് വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശം പരിഗണനയിലുണ്ടോ; എങ്കിൽ വർദ്ധന എന്നു മുതൽ നിലവിൽ വരുമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 25.10.2011-ലെ മറുപടിക്ക്

<u>ലൈബ്രേറിയൻമാരുടെ അലവൻസ്</u>

5354 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള ലൈബ്രറി കൗൺസിലിനു കീഴിൽ വരുന്ന ഗ്രാമീണ മേഖലയിലും മറ്റും പ്രവർത്തിക്കുന്ന ലൈബ്രറികളിലെ ലൈബ്രേറിയന്മാർക്ക് മാസംതോറും എന്തു തുക അലവൻസായി നല്കുന്നുവെന്ന് ഗ്രേഡ് തിരിച്ച് വ്യക്തമാക്കുമോ ;

(ബി) ഈ തുക എന്നാണ് നിശ്ചയിച്ചത് ; ഇത് വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ ;

(സി) പ്രസ്തുത ലൈബ്രേറിയന്മാർക്ക് ക്ഷേമനിധി, തിരിച്ചറിയൽ കാർഡ് എന്നിവ ഏർപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ ;

(ഡി) താലൂക്ക് അടിസ്ഥാനത്തിൽ ലൈബ്രേറിയന്മാരുടെ രജിസ്റ്റർ സൂക്ഷിക്കുവാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 25.10.2011-ലെ മറുപടിക്ക്

<u>തളിപ്പറമ്പ് വിദ്യാഭ്യാസ ജില്ല</u>

5355 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ എത്ര വിദ്യാഭ്യാസ ജില്ലകളുണ്ട്; ഓരോ വിദ്യാഭ്യാസ ജില്ലയിലുമുള്ള സ്കൂളുകളുടെ എണ്ണം എത്ര വീതമാണെന്ന് വ്യക്തമാക്കാമോ;

(ബി) കേരളത്തിലെ മറ്റു വിദ്യാഭ്യാസ ജില്ലകളെ അപേക്ഷിച്ച് കണ്ണൂർ വിദ്യാഭ്യാസ ജില്ലയുടെ വലിപ്പവും സ്കൂളുകളുടെ എണ്ണത്തിലുള്ള വ്യത്യാസവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇക്കാരണങ്ങളാൽ കണ്ണൂർ വിദ്യാഭ്യാസ ജില്ല വിഭജിച്ച് തളിപ്പറമ്പ് ആസ്ഥാനമായി വിദ്യാ ഭ്യാസജില്ല രൂപീകരിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;ഇതിലേക്കായി കണ്ണൂർ ജില്ലാ പഞ്ചായത്ത് പ്രമേയം പാസ്സാക്കിയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ അനുകൂല നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

<u>എ. ഇ. ഓഫീസിന്റെ വാടകകുടിശ്ശിക</u>

5356 ഡോ.കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ കുറ്റിപ്പുറം എ.ഇ. ഓഫീസ് കഴിഞ്ഞ 11 വർഷമായി ആരുടെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിലാണ് പ്രവർത്തിച്ചിരുന്നത്;

(ബി) എന്നു മുതലാണ് എ.ഇ.ഒ. ഓഫീസ് കുറ്റിപ്പുറം മിനി സിവിൽ സ്റ്റേഷനിലേയ്ക്ക് മാറ്റിയത്;

(സി) മിനി സിവിൽ സ്റ്റേഷനിലേക്ക് പ്രസ്തുത ഓഫീസ് മാറ്റുന്നത് വരെ 12 വർഷ കാലയളവിൽ എത്ര വർഷത്തെ വാടകയാണ് കെട്ടിട ഉടമയ്ക്ക് നൽകിയിട്ടുള്ളത് ;

(ഡി) എത്ര വർഷത്തെ വാടകയാണ് ഇനി കെട്ടിട ഉടമക്ക് നൽകാനുള്ളത് ;

(ഇ) ഇതു സംബന്ധമായി കെട്ടിട ഉടമയുടെ അപേക്ഷ എത്ര തവണയാണ് മതിയായ രേഖകളില്ലെന്ന കാരണം പറഞ്ഞ് മടക്കിയിട്ടുള്ളത് ;

(എഫ്) എ.ഇ.ഒ.യും ഡി.ഡി.യും സർക്കാരിലേക്ക് അപേക്ഷ നൽകുമ്പോൾ ബന്ധപ്പെട്ട രേഖകൾ സഹിതമാണെന്ന് സാക്ഷ്യപ്പെടുത്തിയിരുന്നോയെന്ന് വ്യക്തമാക്കാമോ ;

(ജി) കെട്ടിട ഉടമക്ക് ഇതുവരെയും വാടക നൽകാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എച്ച്) ഉണ്ടെങ്കിൽ ഇപ്പോൾ സമർപ്പിച്ചിട്ടുള്ള അപേക്ഷയിന്മേൽ തീരുമാനമെടുത്ത് എന്ന് വാടക കുടിശ്ശിക തീർത്ത് കെട്ടിട ഉടമക്ക് നൽകാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

<u>സ്ക്കൂള്‍ കെട്ടിടങ്ങളുടെ പ്രവൃത്തികള്‍ക്ക് ഭരണാനുമതി</u>

5357 ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യത്തിന്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

കൊണ്ടോട്ടി മണ്ഡലത്തിലെ തടത്തില്‍ പറമ്പ, വാഴക്കാട്, കൊണ്ടോട്ടി, ഓഹന്നൂര്‍, എന്നി വിടങ്ങളിലെ സ്കൂളുകളിലെ കെട്ടിടങ്ങളുടെ പ്രവൃത്തികള്‍ക്ക് ഭരണാനുമതി നല്‍കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

<u>കണ്ണിവയൽ ടി. ടി. ഐ.</u>

5358

ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കഴിഞ്ഞ സർക്കാർ കണ്ണിവയൽ ടി. ടി. ഐ.യ്ക്ക് കെട്ടിടം നിർമ്മാണത്തിനായി അനുവദിച്ച 3 കോടി 10 ലക്ഷം രൂപ നാളിതുവരെ ചെലവഴിക്കാൻ കഴിയാതെ വന്നതിന്റെ കാരണം വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

<u>സ്കൂളുകളിലെ സ്കൗട്ട് & ഗൈഡ്സ് ചുമതലയുള്ള അദ്ധ്യാപകർക്കുള്ള ആനുകൂല്യങ്ങൾ</u>

5359 ഡോ. എൻ. ജയരാജ്
ശ്രീ. പി.സി. ജോർജ്
,, തോമസ് ഉണ്ണിയാടൻ
,, റോഷി അഗസ്റ്റിൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളിലെ സ്പെഷ്യൽ ഫീസ് സമ്പ്രദായം നിർത്തലാക്കിയ ശേഷം സ്കൂൾ ലൈബ്രറി, സ്പോർട്ട്സ്, സ്കൗട്ട്സ് & ഗൈഡ്സ്, വിനോദയാത്ര മുതലായ ഇനങ്ങൾക്ക് ആവശ്യമായ പ്രവർത്തന ഫണ്ട് വിദ്യാലയങ്ങൾക്ക് ലഭ്യമാക്കിയിട്ടുണ്ടോ ;

(ബി) സ്കൗട്ട് & ഗൈഡ്സ് പ്രവർത്തനങ്ങൾക്ക് വിദ്യാലയങ്ങൾക്ക് ഗ്രാന്റ് അനുവദിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ;

(സി) സ്കൂളുകളിൽ സ്കൗട്ട് & ഗൈഡ്സ് ചുമതലയുള്ള അദ്ധ്യാപകർക്ക് ഇൻക്രിമെന്റ് ഉൾപ്പെടെയുള്ള പ്രത്യേക ആനുകൂല്യങ്ങൾ നല്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 25.10.2011-ലെ മറുപടിക്ക്

<u>സ്കൂളുകളിൽ എൻ.സി.സി. യൂണിറ്റുകൾ</u>

T5360 ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളിൽ എൻ.സി.സി. യൂണിറ്റുകൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദമാക്കാമോ;

(ബി) നാദാപുരം മണ്ഡലത്തിലെ എത്ര സ്കൂളുകളിൽ എൻ. സി.സി. യൂണിറ്റുകൾ അനുവദിച്ചിട്ടുണ്ട്;

(സി) അപേക്ഷിച്ചിട്ടും എൻ.സി.സി. യൂണിറ്റുകൾ അനുവദിക്കാത്ത എത്ര സ്കൂളുകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

ഹയർ സെക്കണ്ടറി സ്കൂളുകളിൽ ലാബും, ലൈബ്രറിയും

5361 ശ്രീ. റ്റി.എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യത്തിന്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

മങ്കട മണ്ഡലത്തിലെ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളുകളിൽ ലാബും, ലൈബ്രറിയും തുടങ്ങുന്നതിനുള്ള നടപടി അടിയന്തിരമായി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

ഹയർ സെക്കണ്ടറിയുടെ ഭരണ വികസനത്തിന് നടപടി

5362 ശ്രീ. ജോസഫ് വാഴക്കൻ
'' വർക്കല കഹാർ
'' കെ. അച്ചുതൻ
'' എ. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കണ്ടറി മേഖലയുടെ ഭരണ വികസനത്തിന് എന്തെല്ലാം നടപടികളാണ് കൈകൊണ്ടിട്ടുള്ളത്;

(ബി) ഹയർസെക്കണ്ടറിക്ക് ജില്ലാതല ഓഫീസുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) എങ്കിൽ ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

<u>സ്വന്തമായി കെട്ടിടമില്ലാത്ത ഹയർ സെക്കണ്ടറി സ്കൂളുകൾ</u>

5363 ശ്രീ. റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മങ്കട മണ്ഡലത്തിൽ സ്വന്തമായി കെട്ടിടമില്ലാത്ത ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളുകൾ നിലവിലുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അത്തരം സ്കൂളുകൾക്ക് കെട്ടിടം നിർമ്മിക്കാനുള്ള നടപടികൾ ഈ വർഷം തന്നെ ആരംഭിക്കുമോ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

<u>ഹയർ സെക്കണ്ടറി മേകലയിലെ പുതിയ ബാച്ചുകൾ</u>

5364 ശ്രീ. റോഷി അഗസ്റ്റിൻ
,, പി. സി. ജോർജ്
,, തോമസ് ഉണ്ണിയാടൻ
ഡോ. എൻ. ജയരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹയർസെക്കന്ററി മേഖലയിൽ അധിക ബാച്ച് അനുവദിച്ച് ഉത്തരവായത് എന്നാണ്;

(ബി) പുതിയ ബാച്ചുകൾക്ക് ആനുപാതികമായി അദ്ധ്യാപക തസ്തിക സൃഷ്ടിക്കപ്പെടേണ്ടത് അനിവാര്യമാണോ;

(സി) എങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

<u>ആലപ്പുഴ മുഹമ്മദൻസ് ബോയ്സ് ഹയർസെക്കന്ററി സ്കൂളിൽ പ്ലസ് ടുവിന് പുതിയ ബാച്ച്</u>

5365 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ വിദ്യാഭ്യാസവർഷം ആലപ്പുഴ മുഹമ്മദൻസ് ബോയ്സ് ഹയർ സെക്കന്ററി സ്കൂളിൽ പ്ലസ് ടൂവിന് പുതിയ കോഴ്സോ, അഡീഷണൽ ബാച്ചുകളോ അനുവദിച്ചിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ആവശ്യങ്ങൾ ഉന്നയിച്ച് അമ്പലപ്പുഴ എം.എൽ.എ.യും സ്കൂൾ പിറ്റി.എ.യും നൽകിയ നിവേദനങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത സ്കൂളിൽ പുതിയ കൊമേഴ്സ് ബാച്ചും, നിലവിലുള്ള കോഴ്സിന് അഡീഷണൽ ബാച്ചും അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

ഹയർ സെക്കന്ററി മേഖലാ ഓഫീസുകളിൽ
ജീവനക്കാരുടെ അപര്യാപ്തത

5366 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കന്ററി വൊക്കേഷണൽ ഹയർ സെക്കന്ററി മേഖലാ ഓഫീസുകളിൽ ജീവനക്കാരുടെ അപര്യാപ്തത മൂലം ജോലികൾ സമയബന്ധിതമായി തീർക്കാൻ കഴിയാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) മേഖലാ ഓഫീസുകളിൽ പുതുതായി തസ്തികകൾ സൃഷ്ടിക്കുന്നതിന് വേണ്ടി എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ ; വിശദമാക്കാമോ ;

(സി) ഇല്ലെങ്കിൽ പഠനം നടത്തി പുതിയ തസ്തികകൾ സൃഷ്ടിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

ഹയർ സെക്കന്ററി വൊക്കേഷണൽ ഹയർ സെക്കന്ററിയും ഒരു വകുപ്പിന്റെ കീഴിലാക്കുവാൻ നടപടി

5367 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യത്തിന്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി വിഭാഗങ്ങൾ സംയോജിപ്പിച്ച് ഒരു വകുപ്പിന്റെ കീഴിലാക്കുന്നതിനുള്ള എന്തെങ്കിലും നിർദ്ദേശം പരിഗണനയിലുണ്ടോ ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

ഹയർ സെക്കന്ററി സ്കൂളുകളിലെ ലൈബ്രേറിയൻ തസ്തിക

5368 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കന്ററി സ്കൂളുകളിലെ ലൈബ്രറികൾ കുറ്റമറ്റതാക്കാൻ സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) ഹയർ സെക്കന്ററി സ്കൂളുകളിലെ സ്പെഷ്യൽ റൂൾസിൽ ലൈബ്രേറിയന്മാരുടെ നിയമനരീതി പരാമർശിച്ചിട്ടുണ്ടോ ; എങ്കിൽ ഉത്തരവിന്റെ കോപ്പി ലഭ്യമാക്കാമോ ;

(സി) ഹയർ സെക്കന്ററി സ്കൂളുകളിൽ ലൈബ്രേറിയൻ തസ്തിക സൃഷ്ടിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ ഇതിനുള്ള തടസ്സമെന്താണ് ;

(ഡി) പി.എസ്.സി. വഴി ഹയർ സെക്കന്ററി സ്കൂളുകളിൽ ലൈബ്രേറിയന്മാരെ നിയമിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

ഹയർ സെക്കണ്ടറി സ്കൂളുടെ പശ്ചാത്തല സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ നടപടി

5369 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളുകളുടെ പശ്ചാത്തല സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ വിദ്യാഭ്യാസ വകുപ്പ് എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ട് എന്ന് വ്യക്തമാക്കുമോ ;

(ബി) ജില്ലാ പഞ്ചായത്തുകൾക്ക് ഫണ്ടിന്റെ അഭാവം ഉള്ളതിനാൽ സർക്കാർ നേരിട്ട് ഓരോ ഹയർ സെക്കണ്ടറി സ്കൂളുകൾക്കും ഫണ്ട് നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

<u>സ്കോളർഷിപ്പ് വിതരണം</u>

5370

ശ്രീ. എം. എ. ബേബി

താഴെ കാണുന്ന ചോദ്യത്തിന്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഹയർ സെക്കണ്ടറി വിദ്യാർത്ഥികൾക്കായുള്ള 5000 രൂപയുടെയും 10000 രൂപയുടെയും സ്കോളർ ഷിപ്പിന്റെ ഈ വർഷത്തെ വിതരണ നടപടികൾ ഏതുവരെയായി എന്നു വ്യക്തമാക്കുമോ;

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

<u>തൊഴിലധിഷ്ഠിത വിദ്യാഭ്യാസം</u>

5371

ശ്രീ. വി. പി. സജീന്ദ്രൻ
,, ജോസഫ് വാഴക്കൻ
,, ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) യുവജനങ്ങളുടെ തൊഴിൽക്ഷമത വർദ്ധിപ്പിക്കാൻ വിദ്യാഭ്യാസ വകുപ്പ് തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിൽ എങ്ങനെ ഇടപെടാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കാമോ;

(ബി) ഇതിനായി വൊക്കേഷണൽ ഹയർ സെക്കണ്ടറി കോഴ്സുകളുടെയും പോളിടെക്നിക് കോഴ്സുകളുടെയും സിലബസ് പരിശോധിച്ച് കാലോചിതമായ മാറ്റം വരുത്താൻ ആവശ്യമായ നടപടി സ്വീകരിക്കുമോ;

(സി) ഇതിന് എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) പുതുക്കിയ സിലബസ് ഏത് അദ്ധ്യയന വർഷം മുതൽ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത് ?

## കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

വി.എച്ച്.എസ്.സി. സ്പെഷ്യൽ റൂളിലെ അപാകതകൾ

5372 ശ്രീ. റ്റി.വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വി.എച്ച്.എസ്.സി. സ്പെഷ്യൽ റൂളിലെ അപാകതകൾ പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂളിലെ കോഴ്സുകൾ ആധുനികവൽകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ;

(സി) വൊക്കേഷണൽ ഹയർ സെക്കണ്ടറി പ്രിൻസിപ്പൽ തസ്തിക അനുവദിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ?

# കേരള നിയമസഭ
# 25.10.2011-ലെ മറുപടിക്ക്

താല്കാലിക അദ്ധ്യാപരുടെ വേതന വര്‍ദ്ധനവ്

5373 ശ്രീ. പുരുഷന്‍ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
വിദ്യാഭ്യാസ **വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്തെ വിദ്യാലയങ്ങളില്‍ ദിവസ വേതനം കൈപ്പറ്റിക്കൊണ്ട് ജോലിചെയ്യുന്ന ഗസ്റ്റ് അദ്ധ്യാപകരുടെ വേതന വര്‍ദ്ധനവ് പരിഗണനയിലുണ്ടോ;

(ബി) എങ്കില്‍ ഇത് എന്നുമുതല്‍ ബാധകമാക്കുമെന്ന് അറിയിക്കാമോ;

(സി) ഇപ്പോള്‍ ഹയര്‍ സെക്കണ്ടറി സ്ക്കൂളുകളെ ദിവസവേതനാടിസ്ഥാനത്തില്‍ ജോലി ചെയ്യുന്ന അദ്ധ്യാപകന് ഒരു ദിവസത്തേക്ക് എത്ര രൂപയാണ് നല്‍കിവരുന്നത്?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

ശ്രീമതി സറഫുന്നീസയുടെ റിലീവിംഗ് ഓർഡർ

5374 ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി എച്ച്.എം.വൈ ഹയർ സെക്കണ്ടറി സ്കൂളിലെ കെമിസ്ട്രി സീനിയർ അദ്ധ്യാപികയായിരുന്ന ശ്രീമതി സറഫുന്നീസ കെ. പി., പി.എസ്.സി. മുഖേന ജോലി ലഭിച്ചതിനാൽ പ്രസ്തുത സ്കൂളിൽ നിന്നും വിടുതൽ ചെയ്യപ്പെടുകയും റിലീവിംഗ് ഓർഡറിന് സാധൂകരണം ലഭിക്കുന്നതിനായി ഹയർ സെക്കണ്ടറി ഡയറക്ടറുടെ 22061/അരറ/ആ5/2011-നമ്പർ കത്ത് പ്രകാരം അപേക്ഷ സമർപ്പിക്കുകയും ചെയ്തിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത അപേക്ഷയിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ എന്ന് സാധൂകരണം നൽകാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

സി. ബി. എസ്. ഇ. സ്കൂളുകൾക്ക് അംഗീകാരം നൽകുന്നത് സംബന്ധിച്ച മാർഗ്ഗ നിർദ്ദേശ രേഖ

5375 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സി. ബി. എസ്. ഇ. സ്കൂളുകൾക്ക് അംഗീകാരം നൽകുന്ന കാര്യം ഇപ്പോൾ പരിഗണിനയിലുണ്ടോ ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച് ഒരു മാർഗ്ഗ നിർദ്ദേശ രേഖയ്ക്ക് രൂപം നൽകിയിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകുമോ ;

(സി) നിലവിൽ എത്ര സ്കൂളുകളാണ് അംഗീകാരത്തിന് അപേക്ഷ നൽകിയിട്ടുള്ളത് ; ഇതിൽ അംഗീകാരത്തിനായി നേരത്തേ സുപ്രീം കോടതിയെ സമീപിച്ച സ്കൂളുകൾ ഉൾപ്പെടുമോ ; വിശദാംശങ്ങൾ നൽകുമോ ;

(ഡി) ഇപ്പോൾ അംഗീകാരത്തിന് അപേക്ഷ നൽകിയ സ്കൂളുകൾ മുഴുവനും നിലവിൽ പ്രവർത്തിച്ചു വരുന്നവയാണോ; വിശദാംശങ്ങൾ നൽകുമോ ;

(ഇ) സി. ബി. എസ്. ഇ. സ്കൂളുകൾ അടുത്ത അദ്ധ്യയന വർഷം മുതൽ സംസ്ഥാനത്ത് പ്രവർത്തിക്കണമെങ്കിൽ എൻ. ഒ. സി. ക്ക് പുറമെ സർക്കാർ അംഗീകാരവും നിർബന്ധമാക്കുമോ ;

(എഫ്) എങ്കിൽ ഇവ ഇല്ലാതെ പ്രവർത്തിക്കുന്ന സ്കൂളുകളുടെ കാര്യത്തിൽ അടുത്ത വർഷം മുതൽ സർക്കാർ എന്ത് നിലപാട് കൈക്കൊള്ളും ; വിശദാംശങ്ങൾ അറിയിക്കുമോ ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

<u>സി. ബി. എസ്. ഇ. സ്കൂളുകൾക്ക് അംഗീകാരം നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ</u>

5376 ശ്രീ. കെ.കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സി. ബി. എസ്. ഇ. സ്കൂളുകൾക്ക് അംഗീകാരം നൽകുന്നതിനായി കഴിഞ്ഞ സർക്കാർ രൂപം കൊടുത്ത മാനദണ്ഡങ്ങളിൽ ഈ സർക്കാർ ഇളവ് വരുത്തിയിട്ടുണ്ടോ;

(ബി) ഇപ്രകാരം മാനദണ്ഡങ്ങളിൽ ഇളവ് വരുത്തുന്നതിന് സർക്കാരിനെ പ്രേരിപ്പിച്ച ഘടകങ്ങൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(സി) മാനദണ്ഡങ്ങളിൽ ഇളവ് വരുത്തിയത് സ്വകാര്യ വിദ്യാഭ്യാസ ലോബികൾക്ക് സഹായകരമാകും എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഏതൊക്കെ മാനദണ്ഡങ്ങളിലാണ് ഇളവ് വരുത്തിയിരിക്കുന്നത്; വിശദാംശം നൽകുമോ?

# കേരള നിയമസഭ
# 25.10.2011-ലെ മറുപടിക്ക്

സി.ബി.എസ്.ഇ. സ്കൂളുകൾ തുടങ്ങുന്നതിന് മാർഗ്ഗ നിർദ്ദേശങ്ങൾ

5377 ശ്രീ. വി.പി. സജീന്ദ്രൻ
,, പി.എ. മാധവൻ
,, ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സി.ബി.എസ്.ഇ. സ്കൂളുകൾ തുടങ്ങുന്നതിന് എന്തെല്ലാം മാർഗ്ഗനിർദ്ദേശങ്ങളാണ് പുറപ്പെടുവിക്കുന്നത് ;

(ബി) സി.ബി.എസ്.ഇ. സ്കൂളുകളിലെ അദ്ധ്യാപകർക്ക് തുല്യ ശമ്പളം ലഭിക്കുന്നതിനുള്ള സംവിധാനം പുതിയ മാർഗ്ഗ നിർദ്ദേശത്തിൽ ഉൾപ്പെടുത്തുമോ ;

(സി) മലയാളപഠനം സി.ബി.എസ്.ഇ. സ്കൂളുകളിൽ നിർബന്ധമാക്കുമോ ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

<u>സി. ബി. എസ്. സി. സ്കൂളുകൾക്ക് അംഗീകാരം</u>

5378

ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സി. ബി. എസ്. ഇ. സ്കൂളുകൾക്ക് അംഗീകാരം നൽകുന്നതിനായി പുതിയ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ കോപ്പി ലഭ്യമാക്കാമോ;

(സി) മുൻസർക്കാർ പുറപ്പെടുവിച്ച ജി. ഒ.( ആർ. റ്റി) നമ്പർ.3691/2006/G.Edn. തീയതി 19.08.2006 നമ്പർ ഉത്തരവ് പ്രകാരമുള്ള മാനദണ്ഡങ്ങളിൽ എന്തെല്ലാം മാറ്റങ്ങളാണ് വരുത്തിയിട്ടുള്ളത്;

(ഡി) വിദഗ്ദ്ധ പഠനത്തിന്റെ അടിസ്ഥാനത്തിൽ പുതിയ സ്കൂളുകൾ അനുവദിക്കുന്നതും സി. ബി. എസ്. ഇ. സ്കൂളുകൾക്ക് അംഗീകാരം നൽകുന്നതും മുസ്ലീങ്ങൾക്ക് വിദ്യാഭ്യാസ പിന്നോക്കാവസ്ഥയുള്ള മലബാറിൽ പരിമിതപ്പെടുത്തണമെന്നുമുള്ള ഉത്തരവ് ഭേദഗതി ചെയ്തിട്ടുണ്ടോ;

(ഇ) ഭേദഗതി ചെയ്യുന്നതിന് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

സി. ബി. എ സ്. ഇ. സ്കൂളുകൾക്ക് നിയന്ത്രണം

5379 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ സി. ബി. എ സ്.ഇ സ്കൂളുകൾക്ക് അംഗീകാരം നൽകുന്നതോടൊപ്പം നിലവിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സ്കൂളുകൾക്ക് ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ ;

(ബി) എങ്കിൽ ഇതു സംബന്ധമായി ഏതെങ്കിലും തരത്തിലുള്ള ഗൈഡ് ലൈനിന് സർക്കാർ രൂപം നൽകിയിട്ടുണ്ടോ എന്ന് വിശദമാക്കുമോ ;

(സി) അദ്ധ്യാപകരുടെ ശമ്പളം, സ്കൂളുകളിലെ ഭൗതികസൗകര്യം എന്നിവ സംബന്ധിച്ച് വ്യക്തമായ മാർഗനിർദ്ദേശം ഗൈഡ് ലൈനിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ ;

(ഡി) എങ്കിൽ ഗൈഡ് ലൈനിനനുസരിച്ച് പ്രവർത്തിക്കാത്ത സ്ഥാപനങ്ങളുടെ കാര്യത്തിൽ എന്തു നടപടിയാണ് കൈകൊള്ളുവാൻ ഉദ്ദേശിക്കുന്നത് ;

(ഇ) പിഴ ഈടാക്കുന്നതും അംഗീകാരം റദ്ദാക്കുന്നതുമായ കാര്യങ്ങൾ പരിഗണനയിലുണ്ടോ ; വിശദാംശങ്ങൾ നൽകുമോ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

സി. ബി. എസ്. ഇ, ഐ. സി. എസ്. ഇ സ്കൂളുകൾക്ക് എൻ. ഒ. സി

5380 ശ്രീ. സി. മമ്മൂട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സി. ബി. എസ്. ഇ, ഐ. സി. എസ്. ഇ. സ്വകാര്യ വിദ്യാലയങ്ങൾക്ക് അംഗീകാരം ലഭിക്കുന്നതിനായി എൻ. ഒ. സി. നൽകുന്നതിന് സംസ്ഥാന സർക്കാർ എന്തെങ്കിലും നിബന്ധനകൾ ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശം എന്തൊക്കെയെന്നു വ്യക്തമാക്കാമോ;

(ഡി) ഇതു സംബന്ധിച്ചു പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവിന്റെ പകർപ്പു ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

ഐ. സി. എസ്. ഇ. സ്കൂളുകൾക്ക് എൻ. ഒ. സി.

5381 ശ്രീ. കെ. എൻ. എ. ഖാദർ

താഴെ കാണുന്ന ചോദ്യത്തിന്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഐ. സി. എസ്. ഇ. സിലബസ് പ്രകാരം പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് അനുമതി നൽകുവാൻ എന്തൊക്കെ നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

<u>എൽ.പി., യു.പി സ്കൂളുകളിൽ ഫുൾടൈം അറബിക് അദ്ധ്യാപക തസ്തിക</u>

5382 ശ്രീ. കെ.ടി. ജലീൽ
'' പി.റ്റി.എ റഹീം
ശ്രീമതി കെ.കെ. ലതിക
ശ്രീ. കെ.വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എൽ.പി., യു.പി സ്കൂളുകളിൽ ഒരു ഫുൾടൈം അറബിക് അദ്ധ്യാപക തസ്തിക സൃഷ്ടിക്കണമെന്ന ആവശ്യം സർക്കാർ പരിഗണിക്കുന്നുണ്ടോ;

(ബി) അറബിക് അദ്ധ്യാപക തസ്തിക സൃഷ്ടിക്കാൻ എത്ര മുസ്ലീം കുട്ടികൾ ഉണ്ടായിരിക്കണമെന്നാണ് കെ.ഇ.ആർ - ൽ വ്യവസ്ഥ ചെയ്തിരിക്കുന്നത്;

(ഡി) 28 മുസ്ലീം കുട്ടികൾ എന്നതിനുപകരം അറബിക് പഠിക്കാൻ താല്പര്യമുള്ള 28 കുട്ടികൾ എന്ന് മാറ്റാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

<u>ഡെപ്യൂട്ടേഷനിൽ തുടരുന്ന ഉദ്യോഗസ്ഥർ</u>

5383 ശ്രീ. എൻ. ഷംസുദ്ദീൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കൻഡറി ഡയറക്ടറേറ്റിൽ ഡപ്യൂട്ടേഷനിൽ എത്ര ഉദ്യോഗസ്ഥർ ജോലി ചെയ്യുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) അവർ ഏതൊക്കെ വകുപ്പുകളിൽ നിന്ന് ഡെപ്യൂട്ടേഷനിൽ വന്നവരാണെന്നും, എത്രവർഷമായി ഡെപ്യൂട്ടേഷനിൽ തുടരുന്നുവെന്നും വ്യക്തമാക്കാമോ;

(ഡി) ഡെപ്യൂട്ടേഷൻ ഒഴിവാക്കി പി.എസ്.സി യുടെ റാങ്ക് ലിസ്റ്റിൽ നിന്ന് നിയമനം നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) യൂണിവേഴ്സിറ്റിയിലെ ഉന്നത ഉദ്യോഗസ്ഥർ ഡെപ്യൂട്ടേഷനിൽ ക്ലാർക്ക് തസ്തികയിൽ ജോലി ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

<u>ഹൈസ്കൂൾ അസിസ്റ്റന്റിന്റെ ഒഴിവുകൾ</u>

5384 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ സർക്കാർ സ്കൂളുകളിൽ ഹൈസ്കൂൾ അസിസ്റ്റന്റിന്റെ (കണക്ക്) എത്ര തസ്തികകളാണ് നിലവിലുള്ളത്; വിദ്യാഭ്യാസ ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) നിലവിൽ എത്ര തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നുണ്ട്; വിദ്യാഭ്യാസ ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(സി) 2011 മാർച്ചിലെ എല്ലാ റിട്ടയർമെന്റ് ഒഴിവുകളിലേക്കും, ഹയർ സെക്കന്ററി അദ്ധ്യാപകരായും പ്രഥമ അദ്ധ്യാപകരായും പ്രമോഷൻ നൽകപ്പെട്ടപ്പോൾ ഉണ്ടായ ഒഴിവുകളിലേക്കും (എച്ച്.എസ്.എ. മാത്സ്) പകരം അദ്ധ്യാപകരെ നിയമിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എത്ര തസ്തികകളാണ് ഈ വിധം ഒഴിഞ്ഞുകിടക്കുന്നത്; സ്കൂളുകൾ തിരിച്ച് വ്യക്തമാക്കാമോ ?

(ഡി) പ്രസ്തുത തസ്തികയിൽ എത്ര ഒഴിവുകളാണ് ഏറ്റവും ഒടുവിലായി പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തത്. ആയതിന്റെ ഫയൽ നമ്പരും തീയതിയും വ്യക്തമാക്കാമോ; പ്രസ്തുത തസ്തികയിൽ പി.എസ്.സി. അഡ്വൈസ് ചെയ്തിരുന്ന എത്രപേർ ജോലിയിൽ പ്രവേശിച്ചു; വിശദമാക്കാമോ;

(ഇ) വിദ്യാഭ്യാസ വകുപ്പിൽ 2011-12 വർഷത്തെ അദ്ധ്യാപക ഫിക്സേഷൻ നടപടികൾ പൂർത്തിയായിട്ടുണ്ടോ; വ്യക്തമാക്കാമോ;

# കേരള നിയമസഭ

## 25.10.2011-ലെ മറുപടിക്ക്

(എഫ്) പ്രസ്തുത തസ്തികയിലേക്കുള്ള നിയമനം ത്വരിതഗതിയിലാക്കാനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

നാട്ടിക മണ്ഡലത്തിലെ സ്കൂളുകളിൽ
അദ്ധ്യാപകരുടെ ഒഴിവുകൾ

5385 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നാട്ടിക മണ്ഡലത്തിലെ വിവിധ സ്കൂളുകളിൽ ആവശ്യത്തിന് അദ്ധ്യാപകർ ഇല്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത മണ്ഡലത്തിലെ സർക്കാർ സ്കൂളുകളിൽ നിലവിലുള്ള അദ്ധ്യാപകരുടെ ഒഴിവുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) പ്രസ്തുത ഒഴിവുകൾ പി. എസ്. സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ; ഒഴിവുകൾ നികത്തുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

പുതിയതായി അനുവദിച്ച ബാച്ചുകൾക്ക് അധ്യാപക തസ്തിക

5386 ശ്രീ. എ.എ. അസീസ്
,, കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം എയ്ഡഡ് മേഖലയിൽ എത്ര ഹയർ സെക്കന്ററി സ്കൂളുകളിലായി എത്ര പുതിയ ബാച്ചുകൾ അനുവദിച്ചു; ജില്ലതിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സ്കൂളുകളിൽ പുതുതായി അനുവദിച്ച ബാച്ചുകൾക്ക് അധ്യാപക തസ്തികകൾ അനുവദിച്ചിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ നാളിതുവരെ അനുവദിക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(ഡി) പുതിയ ബാച്ചുകൾക്ക് ക്ലാസ് തുടങ്ങിയ തീയതിമുതൽ അധ്യാപക തസ്തിക അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുമോ എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

തൃശ്ശൂർ ജില്ലയിലെ അദ്ധ്യാപകരുടെ ഒഴിവുകൾ

5387 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ സർക്കാർ സ്കൂളുകളിൽ എത്ര അദ്ധ്യാപകരുടെ തസ്തികകളാണ്, വിവിധ വിഷയങ്ങളിൽ ആയി ഒഴിഞ്ഞുകിടക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(ബി) ഹയർ സെക്കന്ററി സ്കൂൾ, വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ, ഹൈസ്ക്കൂൾ, എൽ.പി. സ്കൂൾ, യു.പി. സ്കൂൾ എന്നീ വിഭാഗങ്ങളിൽ എത്ര വീതമെന്നുള്ള വിശദാംശം ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

എൽ. പി./യു. പി. അസിസ്റ്റന്റുമാരെ ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കുന്നതിനുള്ള മാനദണ്ഡം

5388 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ സ്കൂളുകളിൽ എൽ. പി./യു. പി. അസിസ്റ്റന്റുമാരെ ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കുന്നതിനുള്ള മാനദണ്ഡം എന്താണ് ; ഇതുമായി ബന്ധപ്പെട്ട ഉത്തരവുകളോ സർക്കുലറുകളോ പ്രാബല്യത്തിലുണ്ടെങ്കിൽ അവയുടെ പകർപ്പ് ലഭ്യമാക്കുമോ ;

(ബി) വാമനപുരം നിയോജകമണ്ഡലത്തിലെ വെഞ്ഞാറമൂട് ഗവൺമെന്റ് എൽ. പി. സ്കൂളിൽ എൽ. പി. സ്കൂൾ അസിസ്റ്റന്റായി ഈ അദ്ധ്യയന വർഷം ദിവസവേതനാടിസ്ഥാനത്തിൽ ആരെയെങ്കിലും നിയമിച്ചിട്ടുണ്ടോ ;

(സി) ഇതിനായുള്ള ഇന്റർവ്യൂ എന്നാണ് നടന്നത് ; എത്രപേർ പങ്കെടുത്തു ;

(ഡി) ഒന്നും രണ്ടും റാങ്കുകൾ ലഭിച്ച വ്യക്തികളുടെ പഞ്ചായത്ത്, യോഗ്യതാ പരീക്ഷയുടെ മാർക്ക്, പ്രവൃത്തി പരിചയം, ഇന്റർവ്യൂവിന് ലഭിച്ച മാർക്ക് എന്നിവ പ്രത്യേകം ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

വിദ്യാഭ്യാസവകുപ്പിലെ യു.ഡി ക്ലാർക്ക് തസ്തികയിലെ പ്രമോഷൻ

5389 ശ്രീ. ബെന്നി ബെഹനാൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസവകുപ്പിൽ 2009-10, 2010-11 വർഷങ്ങളിൽ യു.ഡി ക്ലാർക്ക് തസ്തികയിലുണ്ടായ ഒഴിവുകളിലേക്ക് പ്രമോഷൻ നടത്തിയിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം എന്താണെന്ന് അറിയിക്കുമോ ;

(ബി) പ്രസ്തുത പ്രമോഷൻ ഉത്തരവ് എന്ന് പുറപ്പെടുവിക്കും എന്ന് അറിയിക്കുമോ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

<u>മലബാർ മേഖലയിൽ എയിഡഡ് ഹയർ സെക്കന്ററി സ്കൂളുകളിൽ അധ്യാപക തസ്തിക</u>

5390 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലബാർ മേഖലയിൽ കഴിഞ്ഞവർഷം ആരംഭിച്ച എയിഡഡ് ഹയർ സെക്കന്ററി സ്കൂളുകളിൽ അധ്യാപക തസ്തിക അനുവദിക്കുന്നതിന് കാലതാമസം വരുന്നത് എന്തുകൊണ്ടാണ്;

(ബി) തസ്തിക അനുവദിച്ചുകൊണ്ടുള്ള തീരുമാനം ഉടൻ നടപ്പിലാക്കുമോ;

(സി) ആവശ്യമായ പഠനം നടത്താതെ അപേക്ഷിച്ചവർക്കെല്ലാം അധിക ബാച്ച് അനുവദിച്ചുകൊണ്ടുള്ള ഉത്തരവുമൂലം പല സ്കൂളുകളിലെയും നിലവിലുള്ള ബാച്ചുകളിൽ കുട്ടികൾ കുറയുന്നതിനും അതുവഴി തസ്തിക നഷ്ടപ്പെടുന്നതിനും ഇടയാകും എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

<u>തയ്യൽ ടീച്ചർ തസ്തിക</u>

5391 ശ്രീ. എ. കെ. ശശീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ/എയിഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിൽ തയ്യൽ ടീച്ചർ തസ്തിക നിർത്തലാക്കിയിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ മേൽപ്പറഞ്ഞ സ്കൂളുകളിൽ ഒഴിഞ്ഞു കിടക്കുന്ന തസ്തികകളിൽ നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

<u>കോട്ടയം, പത്തനംതിട്ട ജില്ലകളിൽ എച്ച്.എസ്.എ ഫിസിക്കൽ സയൻസ് - നിലവിലുള്ള ഒഴിവുകൾ</u>

5392 ശ്രീ. അൻവർ സാദത്ത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോട്ടയം, പത്തനംതിട്ട ജില്ലകളിൽ ഫിസിക്കൽ സയൻസ് വിഷയത്തിൽ ഹൈസ്കൂൾ അസിസ്റ്റന്റുമാരുടെ എത്ര ഒഴിവുകൾ നിലവിലുണ്ട് ;

(ബി) പ്രസ്തുത ജില്ലകളിൽ 2012 മാർച്ച് 31 മുതൽ 2014 മാർച്ച് 31 വരെയുള്ള കാലയളവിൽ എത്രപേർ എച്ച്.എസ്.എ ഫിസിക്കൽ സയൻസ്, പ്രസ്തുത തസ്തികയുടെ പ്രമോഷൻ തസ്തിക എന്നിവയിൽ നിന്നും റിട്ടയർ ചെയ്യുമെന്നറിയിക്കുമോ ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

<u>അന്തർ സർവ്വകലാശാല കേന്ദ്രങ്ങൾ ശക്തിപ്പെടുത്താൻ നടപടി</u>

5393 ശ്രീ. ജോസഫ് വാഴക്കൻ
,, വി.പി. സജീന്ദ്രൻ
,, പി. എ. മാധവൻ
,, എ. റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അന്തർ സർവ്വകലാശാല കേന്ദ്രങ്ങളുടെ പ്രവർത്തനവും ഉദ്ദേശ്യലക്ഷ്യങ്ങളും എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) ഈ കേന്ദ്രങ്ങൾ ശക്തിപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത്;

(സി) ഈ കേന്ദ്രങ്ങളിൽ 'സ്കോളേഴ്സ് ഇൻ റസിഡൻസ്' പരിപാടി തുടങ്ങുന്നതിന് നടപടിയെടുക്കുമോ;

(ഡി) ഈ പദ്ധതിയുടെ നടത്തിപ്പിനായി എന്ത് തുക വകയിരുത്തിയിട്ടുണ്ടെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

<u>അലിഗഡ് സർവ്വകലാശാലയുടെ ഉപകേന്ദ്രത്തിന്റെ അടിസ്ഥാന സൗകര്യത്തിന് സ്വീകരിച്ച നടപടി</u>

5394 ശ്രീ.എം.എ. ബേബി
,, എളമരം കരീം
,, കെ.വി. അബ്ദുൾ ഖാദർ
,, കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യത്തിന്
**വിദ്യാഭ്യാസവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സർക്കാരിന്റെ പ്രഖ്യാപിത നൂറുദിന പരിപാടിയിൽ അലിഗഡ് സർവ്വകലാശാലയുടെ ഉപകേന്ദ്രത്തിന്റെ കാമ്പസിന്റെ വികസനത്തിന് എന്തെങ്കിലും പദ്ധതികളുണ്ടായിരുന്നുവോ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

<u>സർവ്വകലാശാലകൾ പരീക്ഷകൾ കൃത്യസമയത്ത് നടത്തുന്നു എന്നുറപ്പാക്കാൻ നടപടി</u>

5395 ശ്രീ. എം. ഹംസ
,, റ്റി. വി. രാജേഷ്
,, ആർ. രാജേഷ്
,, പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർവ്വകലാശാലകൾ പരീക്ഷകൾ കൃത്യസമയത്ത് നടത്തുന്നു എന്നുറപ്പാക്കാൻ നടപടി സ്വീകരിക്കുമോ ;

(ബി) ഏകീകൃത പരീക്ഷാകലണ്ടർ, ആധുനിക സങ്കേതിക വിദ്യകൾ, നവീന മൂല്യനിർണ്ണയ രീതികൾ ഇവയെല്ലാം പ്രയോജനപ്പെടുത്തിക്കൊണ്ട് സമയബന്ധിതമായി പരീക്ഷാഫലം പ്രഖ്യാപിക്കാനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

<u>ഓപ്പൺ സർവ്വകലാശാല</u>

5396 ശ്രീ. എം.വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസവകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഒരു ഓപ്പൺ സർവ്വകലാശാല ആരംഭിക്കുന്നതിന്റെ സാധ്യതയെക്കുറിച്ച് പഠനം നടത്താൻ കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത കമ്മിറ്റിയുടെ പ്രധാന ശുപാർശകൾ എന്തെല്ലാമാണ്; റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) വിദൂര വിദ്യാഭ്യാസ സൗകര്യം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
# 25.10.2011-ലെ മറുപടിക്ക്

<u>സർവ്വകലാശാല ലൈബ്രറികളുടെ വികസനം</u>

5397 ശ്രീ.കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർവ്വകലാശാല ലൈബ്രറികളുടെ വികസനത്തിനായി 2010-11, 2011-12 സാമ്പത്തിവർഷങ്ങളിൽ പദ്ധതി ഇനത്തിൽ എന്തു തുകയാണ് സർവകലാശാലകൾക്ക് അനുവദിച്ചു നൽകിയത്;

(ബി) പുസ്തകങ്ങളും ആനുകാലികങ്ങളും വാങ്ങുന്നതിനായി എന്തു തുകയാണ് വ്യത്യസ്ത സ്കീമുകളിലായി സർവ്വകലാശാലകൾക്ക് നൽകിയത്;

(ഡി) സംസ്ഥാനത്തെ സർവ്വകലാശാലകളിൽ കോടിക്കണക്കിന് രൂപയ്ക്ക് പുസ്തകങ്ങൾ വാങ്ങുന്ന കാര്യങ്ങളിൽ സ്റ്റോർ പർച്ചേസ് ചട്ടങ്ങൾ ബാധകമാക്കിയിട്ടുണ്ടോ; ആയത് പാലിക്കുന്നുണ്ടോ;

(ഇ) പുസ്തകം വാങ്ങുന്നതിലെ ക്രമക്കേടുകളെക്കുറിച്ച് എന്തെങ്കിലും പരാതിയോ ആഡിറ്റ് പരാമർശങ്ങളോ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്മേൽ എന്തു നടപടി സ്വീകരിച്ചു: വിശദമാക്കുമോ?

# കേരള നിയമസഭ
# 25.10.2011-ലെ മറുപടിക്ക്

<u>സർവ്വകലാശാലയ്ക്ക് നൽകാനുള്ള തുക</u>

5398 ശ്രീ.എം.എ.ബേബി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്കൃത സർവ്വകലാശാലയിൽ ഭൗതികസംസ്കാര പഠനത്തിനായുള്ള അന്തർസർവ്വകലാശാലപഠനകേന്ദ്രം തുടങ്ങുന്നതിന് അനുവദിച്ച 25 ലക്ഷം രൂപ സർവ്വകലാശാലയ്ക്ക് കൈമാറിയിട്ടുണ്ടോ; ഇല്ലെങ്കിൽ എത്രയും വേഗം കൈമാറുമോ;

(ബി) എൻ.എം.ഇ.ഐ.സി.റ്റി പദ്ധതിപ്രകാരം സർവ്വകലാശാലകൾക്ക് നൽകേണ്ട 25% തുക സർക്കാർ നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഈ തുക നൽകാനുള്ള നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

<u>കാലിക്കറ്റ് സർവ്വകലാശാല പണിയുന്ന വിവിധോദ്ദേശ്യ ങ്ങൾക്കായുള്ള കെട്ടിടത്തിന്റെ നാമകരണം</u>

5399 ശ്രീ. എളമരം കരീം
,, കെ. ദാസൻ
,, റ്റി. വി. രാജേഷ്
,, പി. റ്റി.എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മഹാകവി രവീന്ദ്രനാഥ ടാഗോറിന്റെ 150-ാം ജൻമ വാർഷികത്തോടനുബന്ധിച്ച് കാലിക്കറ്റ് സർവ്വകലാ ശാല പണിയുന്ന വിവിധോദ്ദേശ്യങ്ങൾക്കായുള്ള കെട്ടിട ത്തിന് ടാഗോറിന്റെ പേര് നൽകാൻ സർവ്വകലാശാല സിൻഡിക്കേറ്റ് തീരുമാനിച്ചിരുന്നുവോ;

(ബി) സിൻഡിക്കേറ്റിന്റെ തീരുമാനം മാറ്റാൻ ഇപ്പോൾ നീക്കം നടക്കുന്നുണ്ട് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ ?

# കേരള നിയമസഭ
# 25.10.2011-ലെ മറുപടിക്ക്

<u>എസ്. സി - എസ്.ടി സെല്ലിന്റെ പ്രവര്‍ത്തനം</u>

5400 ശ്രീ. മുല്ലക്കര രത്നാകരന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കേരള സര്‍വ്വകലാശാലയില്‍ മുമ്പ് പ്രവര്‍ത്തിച്ചിരുന്ന എസ്.സി/എസ്.റ്റി സെല്‍ ഇപ്പോള്‍ പ്രവര്‍ത്തിക്കുന്നില്ലായെന്നകാര്യം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ ; ഇക്കാര്യത്തിലുള്ള തടസ്സം വ്യക്തമാക്കാമോ ;

(ബി) ഈ സെല്ലിന്റെ അഭാവം മൂലം യു.ജി.സി. ഉള്‍പ്പെടെയുള്ള ഫണ്ടിങ് ഏജന്‍സികളില്‍ നിന്നും ലഭിക്കേണ്ട സഹായം നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു എന്നത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ ;

(സി) സംസ്ഥാനത്തെ മറ്റു സര്‍വ്വകലാശാലകളില്‍ ഈ സെല്‍വഴി എസ്.സി/എസ്.റ്റി വിദ്യാര്‍ത്ഥികള്‍ക്ക് ലഭ്യമായിക്കൊണ്ടിരിക്കുന്ന സേവനങ്ങള്‍ കേരള സര്‍വ്വകലാശാലയിലും ലഭ്യമാക്കുന്നതിനുള്ള അടിയന്തിര നടപടികള്‍ സ്വീകരിക്കാന്‍ തയ്യാറാകുമോ ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

<u>കാലിക്കറ്റ് സർവ്വകലാശാല സിൻഡിക്കേറ്റിലേയ്ക്ക്</u>
<u>നാമനിർദ്ദേശം ചെയ്യപ്പെട്ടവർ</u>

5401 ശ്രീ. പി. ശ്രീരാമകൃഷ്ണൻ
,, സി. കൃഷ്ണൻ
ഡോ. കെ. ടി. ജലീൽ
ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാലിക്കറ്റ് സർവ്വകലാശാല സിൻഡിക്കേറ്റിനെ പിരിച്ചുവിട്ട ശേഷം പുതുതായി നാമനിർദ്ദേശം ചെയ്യപ്പെട്ട സിൻഡിക്കേറ്റിൽ ഉൾപ്പെട്ടവരുടെ വിശദാംശം നൽകാമോ;

(ബി) ഇതിൽ പ്രിൻസിപ്പൽ മണ്ഡലത്തെ പ്രതിനിധീകരിച്ച് നാമനിർദ്ദേശം ചെയ്യപ്പെട്ട വ്യക്തിയുടെ യോഗ്യതകളും അക്കാദമിക് പരിചയവും വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

<u>കേരള സര്‍വ്വകലാശാലയിലെ മ്യൂസിക് ഡിപ്പാര്‍ട്ട്മെന്റ്</u>

5402 ശ്രീ. ജോസ് തെറ്റയില്‍
,, മാത്യു.റ്റി.തോമസ്
ശ്രീമതി ജമീലാ പ്രകാശം
ശ്രീ. സി.കെ. നാണു

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസവകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കേരള സര്‍വ്വകലാശാലയില്‍ മ്യൂസിക് ഡിപ്പാര്‍ട്ട്മെന്റിന്റെ പ്രവര്‍ത്തനം ആരംഭിച്ചത് എന്നാണ്;

(ബി) പ്രസ്തുത ഡിപ്പാര്‍ട്ട്മെന്റില്‍ എത്ര അദ്ധ്യാപക അനദ്ധ്യാപക തസ്തികകള്‍ നിലവിലുണ്ട്;

(സി) കൂടുതല്‍ അദ്ധ്യാപക തസ്തികകള്‍ സൃഷ്ടിക്കുവാനുളള നിര്‍ദ്ദേശം ഗവണ്‍മെന്റിന്റെയോ സര്‍വ്വകലാശാലയുടെയോ പരിഗണനയില്‍ ഉണ്ടോ;

(ഡി) അതിന്മേല്‍ എന്തു നടപടി സ്വീകരിച്ചു എന്നു വിശദമാക്കാമോ?

# കേരള നിയമസഭ
# 25.10.2011-ലെ മറുപടിക്ക്

<u>സർവ്വകലാശാല സിൻഡിക്കേറ്റ്</u>

5403 ശ്രീ. എ.കെ. ബാലൻ
,, ജി. സുധാകരൻ
,, വി. ശിവൻകുട്ടി
,, എ.എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം, കാലാവധി പൂർത്തിയാകാത്ത സർവ്വകലാശാല സിൻഡിക്കേറ്റുകളെ പിരിച്ചുവിട്ടിട്ടുണ്ടോ ;

(ബി) ഏതെല്ലാം സർവ്വകലാശാല സിൻഡിക്കേറ്റുകളെയാണ് പിരിച്ചുവിട്ടിട്ടുള്ളത് ;

(സി) സർവ്വകലാശാല സിൻഡിക്കേറ്റുകൾ പിരിച്ചുവിടുന്നതു സംബന്ധിച്ച് സർക്കാർ നയം വ്യക്തമാക്കാമോ ;

(ഡി) സിൻഡിക്കേറ്റുകൾ പിരിച്ചുവിടപ്പെട്ട സർവ്വകലാശാലകളിൽ ഭരണപരമായ പ്രതിസന്ധി നിലനിന്നിരുന്നതായി സർക്കാർ കരുതുന്നുണ്ടോ ; എങ്കിലത് വിശദമാക്കാമോ ?

# കേരള നിയമസഭ
# 25.10.2011-ലെ മറുപടിക്ക്

## കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ നിയമനത്തിനുള്ള പ്രായപരിധി

5404

ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ ലക്ചറർ, റീഡർ, പ്രൊഫസർ തസ്തികകളിലേയ്ക്ക് അപേക്ഷിക്കുന്നതിനുള്ള പ്രായപരിധി എത്രയാണ്;

(ബി) പ്രസ്തുത പ്രായപരിധിയിൽപ്പെടാത്തവരെ നിയമിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ആയതിനെ സംബന്ധിച്ച് ആക്ടിലോ, സ്റ്റാറ്റ്യൂട്ടിലോ, റഗുലേഷനിലോ വ്യവസ്ഥയുണ്ടോ; എങ്കിൽ വിശദമാക്കാമോ ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

<u>ടെക്നിക്കൽ എഡ്യൂക്കേഷൻ ക്വാളിറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാമിന്റെ രണ്ടാം ഘട്ട പ്രവർത്തനങ്ങൾ</u>

5405

ശ്രീ. കെ. ശിവദാസൻ നായർ
,, ഡൊമിനിക് പ്രസന്റേഷൻ
,, തേറമ്പിൽ രാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ടെക്നിക്കൽ എഡ്യൂക്കേഷൻ ക്വാളിറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാമിന്റെ രണ്ടാം ഘട്ട പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്;

(ബി) എത്ര വർഷം കൊണ്ടാണ് ഈ പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നത്;

(സി) ഈ പദ്ധതിക്കുള്ള അടങ്കൽ തുക എത്രയാണ്;

(ഡി) ഈ പദ്ധതി എന്നു പൂർത്തിയാക്കാനാകും എന്നാണ് കരുതുന്നത് ?

# കേരള നിയമസഭ
# 25.10.2011-ലെ മറുപടിക്ക്

<u>പരപ്പയിൽ പോളിടെക്നിക്</u>

5406 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് മണ്ഡലത്തിലെ പരപ്പയിൽ പോളിടെക്നിക് സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) പോളിടെക്നിക്കിന് ആവശ്യമായ സെമി-പെർമനന്റ് കെട്ടിടം അടക്കമുള്ള സൗകര്യങ്ങൾ ഒരുക്കിത്തരാമെന്ന് പരപ്പ ബ്ലോക്ക് പഞ്ചായത്തും കിനാനൂർ-കരിന്തളം ഗ്രാമപഞ്ചായത്തും സർക്കാരിനെ അറിയിച്ചിട്ടുണ്ടോ;

(സി) എങ്കിൽ പോളിടെക്നിക് എത്രയും വേഗം പ്രവർത്തനമാരംഭിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

പോളിടെക്നിക് കോഴ്സുകൾ പരിഷ്ക്കരിക്കുവാൻ നടപടി

5407 ശ്രീ. മോൻസ് ജോസഫ്
,, റ്റി. യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പോളിടെക്നിക് കോഴ്സുകൾ കാലോചിതമായി പരിഷ്ക്കരിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

(ബി) സംസ്ഥാനത്തെ പോളിടെക്നിക്കുകളിൽ പുതിയ കോഴ്സുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഏതൊക്കെ കോളേജുകളിലാണെന്ന് വിശദമാക്കാമോ;

(സി) ടെക്നിക്കൽ എഡ്യൂക്കേഷനെ സംബന്ധിച്ച് ജി. ഒ. (എം. എസ്) 94/94 ഉന്നതവിദ്യാഭ്യാസം തീയതി: 01.07.1994-ലെ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

തിരൂരങ്ങാടി പോളി ടെക്നിക്

5408 ശ്രീ. കെ.എൻ.എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചേളാരിയിൽ സ്ഥിതിചെയ്യുന്ന തിരൂരങ്ങാടി പോളി ടെക്നിക്കിന് കെട്ടിടങ്ങൾ ഉൾപ്പെടെ ആവശ്യമായ പശ്ചാത്തല സൗകര്യങ്ങൾ വികസിപ്പിച്ചെടുക്കുവാൻ എന്തു നടപടികളാണ് ഇതുവരെ സ്വീകരിച്ചത്;

(ബി) പ്രസ്തുത സ്ഥാപനത്തിൽ നിന്നും ഇതു സംബന്ധിച്ച് ഉയർന്നുവന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ആയതിനുവേണ്ട അടിയന്തിര നടപടികൾ കൈക്കൊള്ളുവാൻ തയ്യാറാകുമോ?

# കേരള നിയമസഭ
# 25.10.2011-ലെ മറുപടിക്ക്

<u>ഐ. എച്ച്. ആർ. ഡി. മോഡൽ ഫിനിഷിംഗ് സ്കൂൾ</u>

5409 ശ്രീ. കെ. ശിവദാസൻ നായർ
,, ജോസഫ് വാഴക്കൻ
,, ഡൊമിനിക് പ്രസന്റേഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഐ. എച്ച്. ആർ. ഡി. മോഡൽ ഫിനിഷിംഗ് സ്കൂളിന്റെ പ്രവർത്തനത്തിൽ ഗുരുതരമായ ക്രമക്കേട് നടന്നതായി ധനവകുപ്പിന്റെ പരിശോധനാ വിഭാഗം കണ്ടെത്തിയിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ;

(സി) ഫിനിഷിംഗ് സ്കൂളിന്റെ ചുമതല വഹിക്കുവാൻ ഡയറക്ടർക്ക് യോഗ്യതയില്ല എന്ന് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ ഡയറക്ടറെ മാറ്റുന്നതിനും ക്രമക്കേട് നടന്നതിനെക്കുറിച്ച് വിശദമായ അന്വേഷണം നടത്തുന്നതിനും നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

<u>പട്ടുവം ഐ.എച്ച്.ആർ.ഡി കോളേജ്</u>

5410 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടുവം ഐ.എച്ച്.ആർ.ഡി കോളേജിന് കെട്ടിടനിർമ്മാണത്തിനായി എത്ര ലക്ഷം രൂപയുടെ ഭരണാനുമതിയാണ് നല്കിയിട്ടുള്ളത് ; ഭരണാനുമതി നല്കിയ ഉത്തരവിന്റെ കോപ്പി ലഭ്യമാക്കാമോ ;

(ബി) ഭരണാനുമതി നല്കിയ തുകയേക്കാൾ കൂടിയ തുകയാണോ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കിയപ്പോൾ ആവശ്യമായി വന്നത് ;

(സി) എങ്കിൽ റിവൈസ്ഡ് എ. എസ്. നല്കിയിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ ;

(ഡി) അടിയന്തിരമായി റിവൈസ്ഡ് എ.എസ് നല്കി കെട്ടിട നിർമ്മാണ പ്രവർത്തനം ആരംഭിക്കുവാൻ സാധിക്കുമോ ;

(ഇ) എന്ന് നിർമ്മാണ പ്രവൃത്തി ആരംഭിക്കുവാൻ കഴിയുമെന്ന് അറിയിക്കുമോ ?

# കേരള നിയമസഭ
# 25.10.2011-ലെ മറുപടിക്ക്

ഒറ്റപ്പാലം അസംബ്ളി മണ്ഡലത്തിൽ ഐ.എച്ച്.ആർ.ഡി. കോളേജ്

5411 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം അസംബ്ളി മണ്ഡലത്തിൽ ഐ. എച്ച്. ആർ. ഡി. യുടെ ആഭിമുഖ്യത്തിൽ കോളേജ് ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ; ഇത് സംബന്ധിച്ച ഫയൽ ലഭിച്ചിട്ടുണ്ടോ ;

(ബി) കോളേജിന്റെ പ്രവർത്തനം എന്നു മുതൽ ആരംഭിക്കുവാൻ കഴിയും ;

(സി) ഇതിന്റെ കാലിക സ്ഥിതി വിശദമാക്കാമോ ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

<u>മുതുവല്ലൂർ ഐ.എച്ച്.ആർ.ഡി. കോളേജിൽ പുതിയ കോഴ്സുകൾ</u>

5412 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊണ്ടോട്ടി നിയോജകമണ്ഡലത്തിലെ മുതുവല്ലൂരിലുള്ള ഐ.എച്ച്.ആർ.ഡി. സ്ഥാപനത്തിൽ ഇപ്പോൾ ഏതെല്ലാം കോഴ്സുകളാണ് പഠിപ്പിക്കുന്നത്;

(ബി) ഈ സ്ഥാപനത്തിന്റെ സ്വന്തം സ്ഥലസൗകര്യങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ;

(സി) ഇവിടെ ഒരു എഞ്ചിനീയറിംഗ് കോളേജോ, പുതിയ കോഴ്സുകളോ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

<u>നിർമ്മൽ മാധവ് - ന്റെ എഞ്ചിനീയറിംഗ് പ്രവേശന നടപടികൾ</u>

5413 ശ്രീ. പി. റ്റി.എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിൽ അഡ്മിഷൻ നൽകിയ നിർമ്മൽ മാധവ് - ന്റെ പ്രവേശന നടപടികൾ ക്രമപ്രകാരമല്ലെന്ന് ഇത് സംബന്ധിച്ചു പരിശോധിക്കാൻ നിയോഗിച്ച ടെക്നിക്കൽ കമ്മിറ്റി റിപ്പോർട്ട് നൽകിയിട്ടുണ്ടോ;

(ബി) നിർമ്മൽ മാധവിന് പൊതുപ്രവേശന പരീക്ഷയിൽ ലഭിച്ച റാങ്ക് നമ്പർ എത്രയാണ്;

(സി) ഈ വിദ്യാർത്ഥി ഏത് സമുദായക്കാരനാണ്;

(ഡി) ഈ സമുദായത്തിൽ നിന്ന് കോഴിക്കോട് ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിൽ പ്രവേശനം ലഭിച്ച അവസാന റാങ്ക് നമ്പർ എത്രയാണ്;

(ഇ) നിർമ്മൽ മാധവിനെ അഡ്മിറ്റ് ചെയ്യണമെന്ന് ആവശ്യപ്പെട്ട് വിദ്യാഭ്യാസ വകുപ്പ് മന്ത്രിക്ക് നിവേദനം ലഭിച്ചിട്ടുണ്ടോ;

(എഫ്) എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

<u>നിർമ്മൽ മാധവിന്റെ എഞ്ചിനീയറിംഗ് പ്രവേശനം</u>

5414 ശ്രീ. പി ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്വാശ്രയ കോളേജിൽ നിന്നും ഇന്റർ കോളേജ് ട്രാൻസ്ഫറിലൂടെ കോഴിക്കോട് വെസ്റ്റ് ഹിൽ ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിൽ നിർമ്മൽ മാധവൻ എന്ന വിദ്യാർത്ഥി കേരള എൻട്രൻസ് പരീക്ഷയിൽ നേടിയ റാങ്കും ഗവൺമെന്റ് മെരിറ്റിൽ ആവർഷത്തെ അവസാന അലോട്ട്മെന്റിന്റെ റാങ്ക് നമ്പരും വ്യക്തമാക്കാമോ ;

(ബി) ഏത് ഗവൺമെന്റ് ഓർഡറിലൂടെയാണ് നിർമ്മൽ മാധവ് എന്ന വിദ്യാർത്ഥി കോഴിക്കോട് വെസ്റ്റ് ഹിൽ ഗവൺമെന്റ് കോളേജിൽ അഡ്മിഷൻ നേടിയതെന്ന് വ്യക്തമാക്കാമോ ; അതിന്റെ പകർപ്പ് ലഭ്യമാക്കാമോ ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

വി.എച്ച്.എസ്.ഇ. - ലാബ് ടെക്നിക്കൽ അസിസ്റ്റന്റ് നിയമനം

5415 ശ്രീ. തോമസ് ഉണ്ണിയാടൻ
'' റോഷി അഗസ്റ്റിൻ
'' പി.സി. ജോർജ്
'' ഡോ. എൻ. ജയരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ **വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൊക്കേഷണൽ ഹയർ സെക്കണ്ടറി ലാബ് ടെക്നിക്കൽ അസിസ്റ്റന്റ് തസ്തികയിലേക്ക് പി.എസ്.സി. ആദ്യമായി നിയമനം നടത്തിയത് എന്നാണ്;

(ബി) ഇപ്രകാരം എത്ര പേർക്ക് നിയമനം ലഭിച്ചു;

(സി) നിലവിലുള്ള സ്പെഷ്യൽ റൂൾസ് പ്രകാരം പ്രസ്തുത തസ്തികയിലെ പ്രമോഷൻ സാധ്യത എപ്രകാരമാണ്;

(ഡി) വി.എച്ച്.എസ്.ഇ. ലാബ് ടെക്നിക്കൽ അസിസ്റ്റന്റ് തസ്തികയിൽ സേവനം അനുഷ്ഠിക്കുന്നവർക്ക് മതിയായ യോഗ്യത ഉണ്ടെങ്കിൽ നോൺ വൊക്കേഷണൽ ടീച്ചർ തസ്തികയിലേക്ക് പ്രൊമോഷൻ വഴി നിയമനം ലഭിക്കാൻ തടസ്സമുണ്ടോ; എങ്കിൽ ആയതു പരിഹരിയ്ക്കാൻ സ്പെഷ്യൽ റൂൾസിൽ ഭേദഗതി വരുത്താൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

എഞ്ചിനീയറിംഗ് വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതി

5416 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എഞ്ചിനീയറിംഗ് വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള എന്തെങ്കിലും പദ്ധതികൾ പരിഗണനയിലുണ്ടോ;

(ബി) ഇതിനായി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നീക്കിവച്ച തുക എത്രയാണ്;

(സി) ഈ തുക വിനിയോഗിച്ച് എന്തെല്ലാം പദ്ധതികൾ ആണ് നടപ്പിലാക്കുന്നത്; ഓരോ പദ്ധതിയുടേയും പുരോഗതി വ്യക്തമാക്കാമോ;

(ഡി) ശ്രീകൃഷ്ണപുരം എഞ്ചിനീയറിംഗ് കോളേജിനെ ഈ പദ്ധതിയിലുൾപ്പെടുത്തിയിട്ടുണ്ടോ;

(ഇ) ശ്രീകൃഷ്ണപുരം സർക്കാർ എഞ്ചിനീയറിംഗ് കോളേജിൽ ഒരു ബി-ടെക് കോഴ്സ് തുടരുന്നതിനുള്ള പ്രൊപ്പോസൽ തീർപ്പ് കൽപ്പിക്കാതെ കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

<u>സര്‍ക്കാര്‍ സ്വാശ്രയ മെഡിക്കല്‍ എഞ്ചിനീയറിംഗ്
കോളേജുകളിലെ ഫീസ് ഘടന</u>

5417 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) മെഡിക്കല്‍ എന്‍ജിനീയറിംഗ് സര്‍ക്കാര്‍/സ്വാശ്രയ സ്ഥാപനങ്ങളില്‍ ഫീസ് ഘടന ഈ വര്‍ഷം പുതുക്കി നിശ്ചയിച്ചിട്ടുണ്ടോ;

(ബി) നിലവില്‍ ഓരോ വര്‍ഷത്തേയ്ക്കുമായി സര്‍ക്കാര്‍ സ്വാശ്രയ മെഡിക്കല്‍ എഞ്ചിനീയറിംഗ് കോളേജുകളിലെ ഫീസ് ഘടന എന്താണെന്നുള്ള വിവരം തരംതിരിച്ച് വിശദമാക്കുമോ;

(സി) നിലവില്‍ 50:50 എന്ന മാനദണ്ഡം സ്വാശ്രയ മാനേജ്മെന്റുമായുള്ള കരാറില്‍ വ്യവസ്ഥ ചെയ്യുന്നുണ്ടോ;

(ഡി) ഇല്ലെങ്കില്‍ ഇതു സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; എങ്കില്‍ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാന്‍ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?